

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കൂത്തുപറമ്പ് മുനിസിപ്പാലിറ്റി ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/ ബി3/242/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 28/03/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കൂത്തുപറമ്പ് മുനിസിപ്പാലിറ്റി

സർ,

വിഷയം : കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും

അത്മേൽ എടുത്ത തീരുമാനത്ത്ിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3.ജോയിന്റ് ഡയറക്ടർ,എൽ.എസ്.ജി.ഡി,കണ്ണൂർ(ഇ-മെയിൽ)
4.ഓഫീസ് പകർപ്പ്

നമ്പർ: കെഎസ്എ/കെഎൻആർ/ ബി3/242/25

തീയ്യതി: 28/03/2025

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-01-2024 മുതൽ 05-02-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 67 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-02-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.രമ രാജൻ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	06-02-2025	18-02-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
06-02-2025	18-02-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി.എസ്.എൽ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ.പ്രദീപ് കുമാർ.പി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി.രാജിമ.എ.സി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിജില.ടി, ഓഡിറ്റർ
ശ്രീമതി.രേഷ്മ.പി, ഓഡിറ്റർ
ശ്രീ.വരുൺദാസ്.വി.പി,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.വി.സുജാതടീച്ചർ	ചെയർപേഴ്സൺ	01-04-2023	31-03-2024

ശ്രീ.വിനോദൻ.കെ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2023	10-07-2023
ശ്രീ.അജി.കെ.ആർ	സെക്രട്ടറി	11-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയത (വരെ)
ശ്രീ.വിനോദൻ .കെ	നഗരസഭാ എഞ്ചിനീയർ	01-04-2023	31-03-2024
ഡോ.അലി.കെ.വി	മെഡിക്കൽ ഓഫീസർ സി എച്ച് സി	01-04-2023	31-03-2024
ഡോ.ടീന ക്ലീറൻസ്	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2023	05-04-2023
ഡോ.ഷിബിൻ പട്ടാക്ക	മെഡിക്കൽ ഓഫീസർ(ഹോമിയോ)	06-04-2023	05-05-2023
ഡോ.ടീന ക്ലീറൻസ്	മെഡിക്കൽ ഓഫീസർ(ഹോമിയോ)	06-05-2023	31-03-2024
ശ്രീമതി.ഷീന	കൃഷി ഓഫീസർ	01-04-2023	20-08-2023
ശ്രീമതി.അമൃത.കെ.കെ	കൃഷി ഓഫീസർ	21-08-2023	31-03-2024
ശ്രീ.സുബിൻ.പി	പ്രൊജക്ട് ഓഫീസർ,പി എ യു	01-04-2023	02-08-2023
ശ്രീമതി.ഷീന ലോറൻസ്	പ്രൊജക്ട് ഓഫീസർ,പി എ യു	03-08-2023	31-03-2024
ശ്രീമതി.പ്രിയ.പി.എം	ഐ സി ഡി എസ്	01-04-2023	31-03-2024

	സൂപർവൈസർ		
ശ്രീ.ലതീഷ്.കെ.സി	ഹെൽത്ത് സൂപ്പർവൈസർ	01-04-2023	30-07-2023
ശ്രീ.ബാബു കുട്ടാമ്പള്ളി	ഹെൽത്ത് സൂപ്പർവൈസർ	31-07-2023	07-08-2023
ശ്രീ.അബ്ദുൾ സത്താർ.എം	ഹെൽത്ത് സൂപ്പർവൈസർ	08-08-2023	31-03-2024
ശ്രീ.ദിനേശൻ കേയന്റവിട	ഹെഡ് മാസ്റ്റർ	01-04-2023	31-03-2024
ശ്രീ.രാഗേഷ്.ടി.ആർ	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2023	30-07-2023
ശ്രീ.രജീഷ്.ടി.കെ	ഫിഷറീസ് സബ് ഇൻസ്പെക്ടർ	31-07-2023	31-03-2024
ഡോ.അരുൺ.പി.കെ.	മെഡിക്കൽ ഓഫീസർ (ആയുർവേദ)	01-04-2023	02-09-2023
ഡോ.സിതാര ധർമരാജ്	മെഡിക്കൽ ഓഫീസർ (ആയുർവേദ)	03-09-2023	31-03-2024
ഡോ.ധനഞ്ജയൻ.സി.വി	വെറ്റിനറി സർജ്ജൻ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല	1-1-2
4	ബാങ്ക് റീകൺസിലേഷൻ നടത്തിയിട്ടില്ല	1-1-3
5	സാംഖ്യ സോഫ്റ്റ് വെയർ,കെ സ്മാർട്ട് സോഫ്റ്റ് വെയർ- വിവരങ്ങൾ സംയോജിപ്പിച്ച് ഡാറ്റകൾ ഉൾപ്പെടുത്തി തയ്യാറാക്കിയതിന്റെ മാനദണ്ഡങ്ങളും ആയതിന് അവലംബിച്ചിട്ടുള്ള സാങ്കേതിക രീതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല	1-1-4
6	ഫോമുകളുടെയും രജിസ്റ്ററുകളുടെയും മാതൃക ഉറപ്പ് വരുത്താനായിട്ടില്ല	1-1-5
7	കെ-സ്മാർട്ടിലൂടെയുള്ള മുഴുവൻ വരവ്-ചെലവുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല	1-1-6
8	ആകെ വരവ്-ചെലവിന്റെ കൃത്യത പരിശോധിക്കുവാനായിട്ടില്ല.	1-1-7
9	01.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിൽ സാംഖ്യയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.	1-1-8
10	ഇ-പോസ് മെഷീനുകളുടെ കൺസോളിഡേഷൻ സ്റ്റേറ്റ്മന്റ് ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മന്റുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് വ്യക്തമല്ല.	1-1-9
11	ഡിമാന്റ് തുക പൂർണമായി പിരിച്ചെടുത്തിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താനായിട്ടില്ല.	1-1-10

12	വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല	1-1-11
13	B-15 ഷെഡ്യൂളിൽ Other Receivable ഇനത്തിൽ തൻവർഷത്തെ കുടിശ്ശിക തുക ഉൾപ്പെടുത്തിയിട്ടില്ല.	1-1-12
14	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി.-വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-13
15	നികുതി നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല	1-1-14
16	വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രവൃത്തികളുടെ തുക B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-15
17	ആസ്തികളുടെ ഡിപ്രീസിയേഷൻ വിശദമാക്കുന്ന I-17A യുടെ ഷെഡ്യൂൾ വരവ് ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-16
18	സ്റ്റെയിൽ ചെക്ക്-അപാകങ്ങൾ	1-1-17
19	2024 മാർച്ച് മാസത്തെ ബാധ്യതകൾ ഉൾപ്പെടുത്തിയിട്ടില്ല.	1-1-18
20	ബജറ്റ്	1-2
21	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് പ്രകാരം)	1-3
22	ഫണ്ട് വിനിയോഗം	1-4
23	പദ്ധതി അവലോകനം	1-5
24	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-അവലോകനം	1-6-1
25	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി	1-6
26	ക്ഷേമപെൻഷൻ - അനർഹരെ ഒഴിവാക്കിയത് സംബന്ധിച്ച വിവരങ്ങൾ	1-7-1
27	ക്ഷേമ പദ്ധതികൾ	1-7
28	ക്യാഷ് പരിശോധന	1-8
29	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
30	വാർഡ് സഭ	1-10

31	കമ്മറ്റികളുടെ പ്രവർത്തനം	1-11
32	രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ ബാലൻസും യഥാർത്ഥ സ്റ്റോർ ബാലൻസും പൊരുത്തപ്പെടുന്നില്ല	1-12
33	തൊഴിൽ നികുതി പിഴ ഈടാക്കുന്നതിലെ അപാകം	1-13
34	2023-24 വർഷത്തിൽ പുതുതായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും പുതുക്കിയ നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല	1-14
35	വസ്തു നികുതി പരിഷ്ക്കരണ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല	1-15
36	റവന്യൂ വരവിനങ്ങൾ - വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശിക തുകകൾ -അനുബന്ധ രേഖകൾ ലഭ്യമല്ല	1-16
37	ബസ്-സ്റ്റാൻഡ് ലേലം - ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി ലേലത്തുകയും പിഴയും ഈടാക്കി	1-17
38	വാടകയിനത്തിലുള്ള നഷ്ടങ്ങളും അപാകങ്ങളും	1-18
39	വിനോദ നികുതിയോടൊപ്പം സിനിമ സെസ്സ് ഈടാക്കുന്നില്ല	1-19
40	അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-20
41	പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല	1-21
42	ഇ ടെണ്ടർഫീസ് -തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.	1-22
43	ഇ-പേയ്മെന്റ് അക്കൗണ്ടിലെ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുന്നില്ല. പലിശ ഇനത്തിൽ നഷ്ടം	1-23
44	പെയിൻ & പാലിയേറ്റിവ് കെയർ ഹെൽത്ത് ഗ്രാന്റ്- മരുന്ന് ലഭ്യമായില്ല, ₹185075 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-24
45	ഡയാലിസിസ് രോഗികൾക്ക് മരുന്നും കൺസ്യൂമബിൾസും വാങ്ങൽ- മരുന്ന്	1-25

	ലഭ്യമായിട്ടില്ല. ₹369463 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	
46	വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല	1-26
47	ഗവ. ഹയർസെക്കണ്ടറി സ്കൂൾ, ഗവ. എൽ പി സ്കൂൾ കണ്ടിജൻസി ചെലവുകൾ. ₹33675 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-27
48	ഹയർ സെക്കണ്ടറി തുല്യതക്ക് ഫണ്ട് അനുവദിക്കുന്നത് - രേഖകൾ ലഭ്യമാക്കിയിട്ടില്ല	1-28
49	അപ്രന്റിസ് ട്രെയിനികളുടെ സ്റ്റൈപ്പന്റ്- കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ല	1-29
50	നഗരസഭ ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- രേഖകളുടെ അഭാവത്തിൽ ₹197854 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-30
51	നഗരസഭയിലെ മുഴുവൻ വാർഡുകളിലും കെ ഡബ്ല്യു എ പൈപ്പ് ലൈൻ വലിക്കൽ രേഖകൾ ലഭ്യമല്ല-₹1,00,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-31
52	സ്ട്രീറ്റ് ലൈറ്റ് എ എം സി (സ്പിൽ ഓവർ) അപാകങ്ങൾ-₹500000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-32
53	സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് വാടക രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല-വാടക ഇനത്തിലെ ചെലവ് തുക ₹72000 തടസ്സപ്പെടുത്തുന്നു	1-33
54	സ്ട്രീറ്റ് ലൈറ്റു് വൈദ്യുതി ചാർജ്ജ് സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല	1-34
55	സ്ട്രീറ്റ് ടാപ്പുകളുടെ ഡിസ്കണക്ഷൻ ചാർജ്ജ് രേഖകൾ ലഭ്യമല്ല. ₹129000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-35
56	അർബൻ പി എച്ച് സി ക്ക് വാടക നിശ്ചയിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല	1-36

57	നഗരസഭ സെക്രട്ടറി-ശമ്പളം, അലവൻസ്, പെൻഷൻ അംശദാനം എന്നിവ അടവാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല	1-37
58	ബസ് സ്റ്റാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലം അകപയർ ചെയ്തത് - ഹൈക്കോടതി വിധി നടപ്പിലാക്കിയത് - രേഖകൾ ലഭ്യമാക്കിയിട്ടില്ല.	1-38
59	കൂത്തുപറമ്പ ജിയോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം പദ്ധതി പൂർത്തീകരിച്ചില്ല - ₹2073935 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-39
60	അമൃത് പദ്ധതിക്ക് നഗരസഭാ വിഹിതം നൽകൽ. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- ₹9707000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-40
61	സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് ആനുകാലികങ്ങൾ വാങ്ങൽ- സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല - ₹129300 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-41
62	എ ബി സി പദ്ധതിക്ക് നഗരസഭ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - ₹300000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-42
63	അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - ആർജിതാവധിവേതനം അനുവദിച്ചത്- അധിക തുക ₹13257 നിരാകരിക്കുന്നു	1- 43
64	പാലാപ്പറമ്പ് - ആലപ്പറമ്പ് റോഡ് ടാറിംഗ്- അപാകങ്ങൾ	1-44
65	പൊതുമരാമത്ത് പ്രവൃത്തികൾ - സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.	1-45
66	പെൻഷൻ ഫണ്ട് - അവലോകനം	1-46
67	മാലിന്യശേഖരണവും സംസ്ക്കരണവും ഹരിതകർമ്മ സേനയിലൂടെ -അവലോകനം	1-47

ഭാഗം 2

--- No Records Found ---

ഭാഗം 3

1	അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - ആർജിതാവധിവേതനം അനുവദിച്ചത്- അധിക തുക ₹13257 നിരാകരിക്കുന്നു	3-1

ഭാഗം 4		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രവൃത്തികൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ	4-4
5	വായ്പ /വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	RECEIPT AND PAYMENT STATEMENT	
4	INCOME & EXPENDITURE STATEMENT	
5	BALANCE SHEET	

ഭാഗം -1
പൊതു അവലോകനം

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്ര വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

A. 2007 ലെ മുനിസിപ്പൽ ചട്ടങ്ങളിലെ 58-2(F) പ്രകാരമുള്ള പ്രധാന അക കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റു വെ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക കണക്കുകളുടെ ഭാഗമ
B. ചട്ടം 58-2(F) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയ
C. ചട്ടം 58-3 പ്രകാരമുള്ള മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കൂത്തുപറമ്പ് നഗരസഭയുടെ 2024 മാർച്ച് 31 ന് അവസാനിച്ച വർ പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് എ തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനപ പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ട ഭരണസമിതിയുടെ 08.08.2024 തീയതിയിലെ 1/24 നമ്പർ തീരുമാന പ്രക 12.08.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പ ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേര (അക്കൗണ്ട് ചട്ടങ്ങൾ) , കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേ ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമാ അധ്യായം 4.2.1 & 11.3, എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്ന സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പ എന്റെ ഉത്തരവാദിത്തം.

Ii) സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനക വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഇ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണക്കുന്ന തെളിവുകളുടെ പരി ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗ തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾ

അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട
വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീ
അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ
ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപ
വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോ
നിരീക്ഷണങ്ങൾക്ക് വിധേയമായി, ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തു

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥ
വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങ
കൂത്തുപറമ്പ് നഗരസഭയുടെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള വ
പത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷ
ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും
ന്യായവുമായ ചിത്രം നല്കുന്നു.

സീനിയർ
ജില്ലാ ഓഡിറ്റ് ഓ

കണ്ണൂർ,
28.03.2025

1-1-2 സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ പരിശോധന ഹാജരാക്കിയിട്ടില്ല

സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്ക
ഷെഡ്യൂളിലെ തുകയുടെ കൃത്യത പരിശോധിക്കുവാനായിട്ടില്ല.

1-1-3 ബാങ്ക് റീകൺസിലേഷൻ നടത്തിയിട്ടില്ല

എ) തനത് ഫണ്ട് സംബന്ധിച്ച എസ് ബി ഐ അക്കൗണ്ട് നമ്പർ 00
31.03.2024 ലെ ബാലൻസ് തുകയായ ₹29137701.42 വാർഷിക കണക്കിൽ
₹16396321 യുമായി പൊരുത്തപ്പെടുന്നില്ല.
ബി) വാർഷിക കണക്കുകൾ പ്രകാരം ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ
അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ രേഖപ്പെടുത്തിയ B-17ൽ ₹3805783 (
നിക്ഷേപിച്ച ബാങ്ക് അക്കൗണ്ടുകളിലെ 31.03.2024 ലെ യഥാർത്ഥ നി
₹2,8785143 യും ആണ്. ആയത് പൊരുത്തപ്പെടുന്നില്ല. വ്യത്യാസം
റീകൺസിലിയേഷൻ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1-1-4 സാംഖ്യ സോഫ്റ്റ് വെയർ,കെ സ്മാർട്ട് സോഫ്റ്റ് വ വിവരങ്ങൾ സംയോജിപ്പിച്ച് ഡാറ്റകൾ ഉൾപ്പെടുത്തി തയ്യാറാക്കിയതിന്റെ മാനദണ്ഡങ്ങളും ആയതിന് അവലംബിച്ചിട്ടുള്ള സാങ്കേതിക രീതികളുടെയും വി ലഭ്യമാക്കിയിട്ടില്ല

സാംഖ്യ പ്രകാരം 01-04-2023മുതൽ 31-12-2023 വരെയുള്ള വരവ് ചെ
സ്മാർട്ട് പ്രകാരം 01-01-2024മുതൽ 31-03-2024 വരെയുള്ള വരവും ഉ
സാംഖ്യ സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കിയ വാർഷിക ധനകാര്യ
സോഫ്റ്റ് വെയറിലെയും വിവരങ്ങൾ സംയോജിപ്പിച്ച് ഡാറ്റ
തയ്യാറാക്കിയതിന്റെ മാനദണ്ഡങ്ങളും ആയതിന് അവലംബിച്ചിട്ട
രീതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-1-5 ഫോമുകളുടെയും രജിസ്റ്ററുകളുടെയും മാതൃക വരുത്താനായിട്ടില്ല

കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളിലും നിർവ്വചി
ഫോമുകളുടെയും രജിസ്റ്ററുകളുടെയും മാതൃകയിൽ തന്നെയാ
ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നത് സംബന്ധിച്ച് വ്യ

1-1-6 കെ-സ്മാർട്ടിലൂടെയുള്ള മുഴുവൻ വരവ്-ചെലവു വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എ വ്യക്തമല്ല

കെ-സ്മാർട്ടിൽ നിന്നും 01.01.2024 മുതൽ 31.03.2024 വരെയുള്ള ഡാറ്റാ സാം
ചെയ്താണ് 2023-24 വർഷത്തെ ധനകാര്യപത്രിക തയ്യാറാക്കിയിട്ടുള്ള
01.01.2024 മുതൽ 31.03.2024 വരെ കെ-സ്മാർട്ടിലൂടെ വരുത്തിയിട്ടുള്ള
ചെലവുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന
ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1-1-7 ആകെ വരവ്-ചെലവിന്റെ കൃത്യത പരിശോധിക്കുവാനായിട്ടില്ല.

2023-24 വാർഷിക കണക്ക് പ്രകാരമുള്ള വരവ്-ചെലവ് എന്നത് സാംഖ്യ
മുതൽ 31.12.2023 വരെയുള്ള വരവ് ചെലവിന്റെയും, കെ-സ്മാർട്ട് പ്രകാ
31.03.2024 വരെയുള്ള വരവ് ചെലവിന്റെയും ആകെ തുകയാകേ
ഇക്കാര്യം പരിശോധിക്കുവാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടി

1-1-8 01.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവി സാംഖ്യയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ എന്ന് വ്യ

കെ-സ്മാർട്ടിലെ ഇടപാടുകൾ സാംഖ്യയിലേയ്ക്ക് പോർട്ട് ചെയ്തതിനു ശേഷ
31.03.2024 വരെയുള്ള കാലയളവിൽ അഡ്ജസ്റ്റ്മെന്റ് എൻട്രികൾ, Past
സാംഖ്യയിൽ വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാനായിട്ടില്ല.

1-1-9 ഇ-പോസ് മെഷീനുകളുടെ കൺസോളിഡേഷൻ ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെ എന്ന് വ്യക്തമല്ല.

കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ വസ്തു നികുതി പിരിവ് സംബന്ധിച്ച് ഉ
പോസ് മെഷീനുകളുടെ കൺസോളിഡേഷൻ സ്റ്റേറ്റ്മെന്റ് ഇ-പോസ് മ
ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് ബുക്ക്, പ്രസ്തുത ബാങ്കിന്റെ സ്റ്റേ
പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാനാവശ്യമായ രേഖകൾ ല

1-1-10 ഡിമാന്റ് തുക പൂർണമായി പിരിച്ചെടുത്തിട്ടു ഉറപ്പു വരുത്താനായിട്ടില്ല.

ഓരോ ശീർഷകൾക്കുമെതിരെയുള്ള ഹെഡ് വൈസ് കൺസോളി
ലഭ്യമല്ലാത്തതിനാൽ ഡിമാന്റ് തുക പൂർണ്ണമായി പിരിച്ചെടുത്തിട്ടു
വരുത്താനായിട്ടില്ല.

1-1-11 വാർഷിക കണക്കിലെ തുകകളെ സാധൂകരിക രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

എ) ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തത്
കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ നഗരസഭ ഫണ്ടിലേക്ക് മുതൽകൂ
വ്യക്തമല്ല.
ബി) മുൻകൂർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ
രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത ഉറപ്പു വരുത്താൻ സാധ

സി) RP 5 ഷെഡ്യൂൾ പ്രകാരം ടെണ്ടർ ഫോം വിൽപന ഇനത്തിൽ ₹13853
പരിശോധിക്കുവാനായി ടെണ്ടർ ഫോം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഡി) നികുതി നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് രജ
ലഭ്യമാക്കിയിട്ടില്ല.

ഇ) B-15 ഷെഡ്യൂൾ പ്രകാരം നികുതിയേതര വരുമാനങ്ങളുടെ
രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധിക്കുവാനായി കുടിശിക
ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1-1-12 B-15 ഷെഡ്യൂളിൽ Other Receivable ഇനത്തിൽ തൻ കുടിശ്ശിക തുക ഉൾപ്പെടുത്തിയിട്ടില്ല.

B-15 ഷെഡ്യൂൾ പ്രകാരം നികുതിയേതര വരുമാനങ്ങളുടെ
രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Other Receivable ഇനത്തിൽ തൻവർ
തുക ഉൾപ്പെടുത്തിയിട്ടില്ല.

1-1-13 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി.-വരവ് ച കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക
ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

1-1-14 നികുതി നികുതിയേതര വരുമാനങ്ങളുടെ ഡി സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

നികുതി നികുതിയേതര വരുമാനങ്ങളായ വസ്തു നികുതി, തൊഴിൽ തുടങ്ങിയവയുടെ ഡിമാന്റ് തുകകൾ വർഷാരംഭത്തിൽ വരുമാനത്തിനനുസരിച്ചും സമയാസമയങ്ങളിൽ ഡി വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധ രേഖപ്പെടുത്തുന്നില്ല.

1-1-15 വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രവൃത്തുക B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

കെ ഡബ്യൂ എ യിൽ 2023-24 വർഷം ഡെപ്പോസിറ്റ് ചെയ്ത ₹1000000 ഡയറക്ടർക്ക് അനുവദിച്ച ₹9707000 (3800000+5907000) ഉൾപ്പെടെ ആ എന്നിവ സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-16 ആസ്തികളുടെ ഡിപ്രീസിയേഷൻ വിശദമാക്കു ഷെഡ്യൂൾ വരവ് ചെലവ് പത്രികയിൽ ഉൾപ്പെടുത്തി

ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന ഹാജരാക്കിയിട്ടില്ല. തൻവർഷം ആസ്തികളുടെ ഡിപ്രീസിയേഷൻ കണ ബന്ധപ്പെട്ട I-17A യുടെ ഷെഡ്യൂൾ വാർഷിക ധനകാര്യപത്രികയിൽ ഉൾ

1-1-17 സ്റ്റെയിൽ ചെക്ക്-അപാകങ്ങൾ

എ) B9 ഷെഡ്യൂളിൽ സ്റ്റെയിൽ ചെക്ക് ഇനത്തിൽ ₹38606 ബാലൻസ് ഉണ്ട വർഷ കാലാവധി കഴിഞ്ഞ ചെക്കുകൾ നഗരസഭാ ഫണ്ടിൽ വരവ് വെ ബി) B9 ഷെഡ്യൂളിൽ സ്റ്റെയിൽ ചെക്ക് ഇനത്തിൽ ഉൾപ്പെടുത്തിയ തുക വർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെട്ട അതേ തുകയാണ്. 2023-2 കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്ക് ആയി മാറ്റാ വ്യക്തമാക്കിയിട്ടില്ല.

1-1-18 2024 മാർച്ച് മാസത്തെ ബാധ്യതകൾ ഉൾപ്പെടുത്

B-9 ഷെഡ്യൂളിൽ 2024 മാർച്ച് മാസത്തെ കൗൺസിൽ അംഗങ്ങളുടെ ടെലിഫോൺ ചാർജ്ജ്, വാഹന ഇന്ധന ചെലവ്, വെള്ളക്കരം, കറ ശമ്പളം എന്നിവ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ്

മുന്നിരിപ്പ് (₹)	58414449
വരവ് (₹)	1586730500

ആകെ (₹)	1645144949
ചെലവ് (₹)	1642752000
നീക്കിയിരിപ്പ് (₹)	2392949

ഭരണസമിതിയുടെ 15.03.2023 ലെ 1/1 നമ്പർ തീരുമാനപ്രകാരം 2023-24 ലെ അംഗീകരിച്ചിട്ടുണ്ട്.

പുതുക്കിയ ബജറ്റ്

മുന്നിരിപ്പ് (₹)	18081932
വരവ് (₹)	299364805
ആകെ (₹)	317446737
ചെലവ് (₹)	301027000
നീക്കിയിരിപ്പ് (₹)	16419737

ഭരണസമിതിയുടെ 13.02.2024 ലെ 1/1 നമ്പർ തീരുമാന പ്രകാരം പുതുക്കി അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് പ

മുന്നിരിപ്പ് (₹)	94030474
വരവ് (₹)	220499036
ആകെ (₹)	314529510
ചെലവ് (₹)	278250875
നീക്കിയിരിപ്പ് (₹)	36278635
വരവിനങ്ങളിലുള്ള നഷ്ടം (₹)	0
ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	13257
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹)	23697302

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് (₹)	അലോട്ട്മെന്റ് ലഭിച്ചത് (₹)	ആകെ (₹)	ചെലവ് (₹)	ല നീക്ക
വികസനഫണ്ട് ജനറൽ	0	27939700	27939700	21705174	
വികസനഫണ്ട് എസ്.സി.പി	0	1766000	1766000	1519345	
മെയിന്റനൻസ് റോഡ്	6,06,904	11562,000	12168904	6815803	
മെയിന്റനൻസ് നോൺറോഡ്	759291	24710000	25469291	13068049	
സെൻട്രൽഫിനാൻസ് കമ്മീഷൻ-	906511 (ബാങ്ക്)	98907071 (ബാങ്ക്)+	99813582	8487976 (ബാങ്ക്)	

അൺടൈഡ് ബേസിക		194527(പലിശ ഉൾപ്പെടെ)			
സെൻട്രൽഫിനാൻസ് കമ്മീഷൻ-ടൈഡ്	12285949	14526000	26811949	15443021	
സാക്ഷരത	16889	469	17358	0	
ഗ്രാന്റ് ഫോർ പ്രോജക്ട	841675	0	841675	0	
സ്വച്ച് ഭാരത് അഭിയാൻ	174279	0	174279	0	
ക്ലീൻ കേരള	1437858	40059(പലിശ)	1477917	0	
സെൻട്രൽ ഗവഃഫണ്ട്	4961110	28449602	33410712	26123414	
അദർ ഗവൺമെന്റ് ഏജൻസീസ്	407600	0	407600	0	
ഹെൽത്ത് ഗ്രാന്റ്	12507042	19898918	32405960	5279393	27

***<u>റവന്യൂ കളക്ഷൻ ശതമാനം കുറവായതിനാൽ വികസന ഫണ്ട് ശതമാനം തുക കുറവ് വരുത്തി.</u>**

2022-23 സാമ്പത്തിക വർഷം ഡിമാന്റ് ചെയ്ത തനത് നികുതിയുടെ ശ്രേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ട് പെ നിന്നും 1% തുക കുറവു വരുത്തിയിട്ടുണ്ട്. ഈയിനത്തിൽ കൂത്തുപ 2023-24 സാമ്പത്തിക വർഷം ₹224520 നഷ്ടമായിട്ടുണ്ട്.

**വാർഷിക ധനകാര്യ പത്രിക, സാംഖ്യ അപ്രോപ്രിയേഷൻ ക ബന്ധപ്പെട്ട ലഡ്ജർ എന്നിവ അടിസ്ഥാനമാക്കിയാണ് മേൽ പറഞ്ഞ തയ്യാറാക്കിയത്. ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നതിനായ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന ഗ്രാന്റുകളുടെ (എൻ.യു.എൽ.എം, ഐ.എച്ച്.എസ്.ഡി.പി.1, ഐ. പി.എം.എ.വൈ, ശുചിത്വമിഷൻ 1, ശുചിത്വമിഷൻ 2, ഐ.സി.ഡി.എ വരവ് ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ, 2023-24 വർഷത്തെ വാർഷിക ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടി ഗ്രാന്റുകളുടെ വിനിയോഗ വിവരങ്ങൾ മേൽ പട്ടികയിൽ ചേർത്തിട്ടി

***ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ബാങ്ക് പാസ്ബുക്ക് പ്രകാരം 31.0 നീക്കിയിരിപ്പുണ്ട്. എന്നാൽ നീക്കിയിരിപ്പ് തുകയിലെ വ്യത്യാസം ആയതിനാൽ വ്യത്യാസം വന്ന തുക ഏതിനത്തിലാണെന്ന് കണ്ടെത്തു

****ഗ്രാന്റ് വിനിയോഗ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

<u>1-5 പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ കൊടുക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	ചെലവ്	പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
201	190815166	130	95014206	47	83	71	23.38

ക്രമ നമ്പർ	നിർവ്വഹണ ഉദ്യോഗസ്ഥൻ	പദ്ധതി അടങ്കൽ	അംഗീകരിച്ച	പദ്ധതി ചെലവ്	ചെല വഴിച്ച	ചെലവ് ശതമാനം

			പദ്ധതികളുടെ എണ്ണം		പദ്ധതികളുടെ എണ്ണം	
1	കൃഷി ഓഫീസർ	2771000	9	2448907	9	88.38
2	വെറ്റിനറി സർജ്ജൻ	2894200	9	1546311	8	53.43
3	മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി)	15594818	9	9453230	8	60.62
4	മെഡിക്കൽ ഓഫീസർ (ആയുർവേദം)	1605628	2	1605626	2	99.999
5	മെഡിക്കൽ ഓഫീസർ (ഹോമിയോ)	230000	2	211470	2	91.94
6	ഹെൽത്ത് ഓഫീസർ	11195188	10	2612100	6	23.33
7	ഹെഡ്മാസ്റ്റർ	9452850	14	4969490	10	52.57
8	ഐ.സി.ഡി.എസ് സൂപ്പർവൈസർ	5556400	10	4210490	9	75.78
9	സെക്രട്ടറി	46229903	34	31279659	24	67.66
10	മുനിസിപ്പൽ എഞ്ചിനീയർ	88990179	90	31508681	43	35.41
11	പ്രോജക്ട് ഓഫീസർ	6275000	11	5160242	8	82.23
12	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	20000	1	8000	1	40.00
	ആകെ	190815166	201	95014206	130	49.79

1-6-1 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- അവലോ

1. 2023-24 വർഷം ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച 474 പ്ര പ്രവൃത്തികൾ ഏറ്റെടുക്കുകയും ഏറ്റെടുത്ത പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്ക

വർഷം	ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ (എണ്ണം)	ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ)	പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ)
2023-24	474	205 (53+152)	205 (53+152)

2. തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം

ക്രമ നമ്പർ	ഇനം	എണ്ണം
1	തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം	493

2	ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം	493
3	തൊഴിൽ ലഭിച്ച കുടുംബങ്ങൾ	401
4	100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ	154
5	തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം	81
6	സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ	34608
7	തൊഴിൽ കാർഡ് നൽകാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം	0

4. എസ്.സി/എസ്.ടി പങ്കാളിത്തം

വർഷം	നഗരസഭയിലെ ആകെ എസ്.സി/ എസ്.ടി കുടുംബങ്ങൾ		രജിസ്റ്റർ ചെയ്ത എസ്.സി/ എസ്.ടി കുടുംബങ്ങൾ	
	എസ്.സി	എസ്.ടി	എസ്.സി	എസ്.ടി
2023-24	116	0	3	0

സാധനസാമഗ്രികൾ ഉൾപ്പെടുന്ന 6 പ്രവൃത്തികൾ 2023-24 വർഷം വർഷം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിച്ച 6 മുനിസിപ്പാലിറ്റിയുടെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. 28 വാർഡുക ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്.

1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
2519018	15374060	17893078	14527500	3365578*

*ട്രഷറിയിൽ നീക്കിയിരിപ്പുണ്ടായിരുന്ന ₹3210483 ലാപ്സായി. ₹1550 അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ- 3157101001405) നീക്കിയിരിപ്പുണ്ട്.

1-7-1 ക്ഷേമപെൻഷൻ - അനർഹരെ ഒഴിവാക്കിയത് വിവരങ്ങൾ

2023-24 സാമ്പത്തിക വർഷം മരണപ്പെട്ട വിവരം യഥാസമയം റിപ്പോർ കാരണം ക്ഷേമ പെൻഷൻ നൽകി പിന്നീട് തിരികെ ഈടാക്കിയ ആളു

പെൻഷൻ തരം	എണ്ണം
കർഷക തൊഴിലാളി പെൻഷൻ	1
വാർധക്യ കാല പെൻഷൻ	3
വിധവാ പെൻഷൻ	2

നഗരസഭാ പരിധിയിൽ മരണമടയുന്നവരുടെ വിവരങ്ങൾ ജനന മര വിഭാഗത്തിൽ നിന്നും ശേഖരിച്ച് പെൻഷൻ ഗുണഭോക്താക്ക അടിയന്തിരമായി റദ്ദു ചെയ്യുകയും മരണശേഷം തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു

ആശാ വർക്കർമാരുടെ സേവനവും വിവര
പ്രയോജനപ്പെടുത്തുന്നുണ്ട്. അർഹത നഷ്ടപ്പെട്ടവരുടെ വിവരങ്ങൾ
30.12.2024 ലെ 2860905/2024 സർക്കുലർ പ്രകാരം അന്വേഷണം
ലഭ്യമാക്കുന്നതിന് സാമൂഹ്യ സുരക്ഷ പെൻഷൻ അന്വേഷണ ഉദ്യോ
നൽകിയിട്ടുണ്ട്. ഡെത്ത് രജിസ്ട്രേഷൻ സമയത്ത് പെൻഷൻ ഗുണഭോ
പരിശോധിക്കുന്നതിനായി ജനന/മരണ രജിസ്ട്രാർക്ക് ഓഫീസ് കുറിപ്പ്

വരുമാന പരിധി കവിഞ്ഞതിനാൽ അർഹത നഷ്ടപ്പെട്ടവർ

അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂ
എന്നതാണ് വരുമാന മാനദണ്ഡം. വാർഷിക വരുമാന സർട്ടിഫിക്
പ്രകാരം വരുമാനം ഒരു ലക്ഷത്തിൽ കൂടുതൽ ആയതിനാൽ 58
സേവന പെൻഷൻ സൈറ്റിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.
(ഓഡിറ്റ് എൻകൗയറി നമ്പർ 2/06.02.2025 ന് നല്കിയ മറുപടിയുടെ
തയ്യാറാക്കിയത്).

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	17,37,400	140
വിധവാ പെൻഷൻ	1,47,00,700	1345
വാർദ്ധക്യകാല പെൻഷൻ	2,34,66,700	2362
ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ	37,41,100	337
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	1,80,000	6
50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	38,71,000	348
ഇന്റർകാസ്റ്റ് വിവാഹ ധനസഹായം	30,000	1
വൃദ്ധസദനങ്ങൾക്കുള്ള ധനസഹായം	10,37,454	2 സ്ഥാപനം

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള
പരിശോധന 07.02.2025 തീയതിയിൽ ഉച്ചയ്ക്ക് 02.30 ന് സെക്രട്ടറിയുടെ
നടത്തുകയുണ്ടായി. പരിശോധനയിൽ ₹106384 ക്യാഷ് ബാലൻ
ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

മനുഷ്യവിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പു വരുത്ത
കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനം
പ്രവർത്തനസജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാ

കൃത്യമായി നിർവ്വചിച്ചു കൊണ്ടുള്ള ഉദ്യോഗസ്ഥസംഘടനാ സംവ
കാര്യക്ഷമവുമായ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ര
കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്ലിംഗ് സംവ
സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് ക
പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പു വരുത്തൽ എന്നിവ
ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.
കൂത്തുപറമ്പ് നഗരസഭയിൽ 2023-24 വർഷത്തിലെ വാർഷിക ധനകാ
ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ് ബുക്കുകൾ, ബാങ്ക് ബുക്കുകൾ
വരുന്നുണ്ട്. എന്നാൽ ഫണ്ട് വരവ് സംബന്ധിച്ച എ സി ആർ, ഓഡിറ്റ്
ടെണ്ടർ ഫോം രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. അ
ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ
സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യത ഉറപ്പു വരുത്താ
രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തൽ നടത്തി സൂക്ഷിക്കേണ്ടത
നഗരസഭയുടെ നിർദ്ദിഷ്ട ബസ് സ്റ്റാന്റ് സ്ഥലമെടുപ്പുമായി ബന്ധപ്പ
കേസിൽ നഗരസഭയ്ക്ക് എതിരായി വന്ന വിധിയിൽ തീർപ്പു ക
ഭീമമായ തുക ആവശ്യമായതിനാൽ നഗരസഭയുടെ കൈവ
സ്ഥിരനിക്ഷേപമായ 3.49 കോടിയിൽ നിന്നും 2.70 കോടി രൂപ
വരികയും, നാല് സ്ഥിരനിക്ഷേപങ്ങൾ പുതുക്കുകയും ചെയ്തിട്ടുണ്ട്. എ
സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ ഓഡിറ്റിന് ഹാജരാക്കാത്
വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു.
ജീവനക്കാരുടെ ജോലി വിഭജനം സംബന്ധിച്ച് ഓഫീസ് ഉത്തരവ് അത
വരുന്നുണ്ട്. ജീവനക്കാരുടെ സ്റ്റാഫ് മീറ്റിംഗ് പ്രതിമാസം ചേർന്നു
ഒന്നിടവിട്ട മാസങ്ങളിലാണ് യോഗം ചേർന്നിരിക്കുന്നത്. 12/2023 നു
യോഗം ചേർന്നിരിക്കുന്നത്. പ്രതിമാസം യോഗം ചേർന്ന് കാര്യ
നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റാഫ് മീറ്റിംഗിൽ ഓഫീ
കാര്യക്ഷമമാക്കുന്നതിനും നികുതി പിരിവ് ഊർജിതപ്പെടുത്തുന്നത
ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നതിനും നിർദേശം നൽകുക
സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫ്
കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ നഗരസഭയുടെ
അളന്നു തിട്ടപ്പെടുത്തി, ഭൂനികുതി ഒടുക്കിയിട്ടുണ്ടോ എന്ന അന്വേഷ
എൻകയറി നമ്പർ 3/06.02.2025) ഭൂനികുതി അപ്ഡേറ്റ് ചെയ്യാനായി വി
കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ള
കൈവശമുള്ള ഭൂമി അളന്നു തിട്ടപ്പെടുത്തി, ഭൂനികുതി ഒടുക്
ഭൂമിയിലുള്ള വൃക്ഷങ്ങളുടെ വിവരം രേഖപ്പെുത്തുന്ന
സൂക്ഷിക്കേണ്ടതുമാണ്.
നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ച
എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

1-10 വാർഡ് സഭ

കൂത്തുപറമ്പ് നഗരസഭയിൽ ആകെ 28 വാർഡുകളാണ് ഉള്ളത്. ആയ
വാർഡുകളിൽ 2023 ജൂലൈ, ഡിസംബർ മാസങ്ങളിലായി രണ്ടു വ
സഭകൾ ചേർന്നിട്ടുള്ളത്. നാലു മാസത്തിലൊരിക്കൽ വ

ചേർക്കണമെന്നത് പാലിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തെ പദ്ധ
2023-24 സാമ്പത്തിക വർഷത്തേക്കുള്ള ഗുണഭോക്താക്കളെ
മാലിന്യമുക്ത നവകേരളം-വലിച്ചെറിയൽമുക്ത നഗരസഭ – വിശദീക
നഗര തൊഴിലുറപ്പു പദ്ധതി-സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്, ലേബർ ബജ
തുടങ്ങിയവയാണ് പ്രധാന അജണ്ടകൾ.
സ ഉ (കൈ) നം. 86/2022/തസ്വഭവ തീയതി 19.04.2022 പ്രകാരം പുറപ്പെട
പഞ്ചവത്സര പദ്ധതി – നവകേരളത്തിന് ജനകീയാസൂത്രണം മുനിന
കോർപ്പറേഷനുകൾക്കും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള
ഖണ്ഡിക 3.2.3(6) ൽ വാർഡ്സഭാ യോഗത്തിന്റെ തീരുമാനങ്ങൾ അപ്പേ
തയ്യാറാക്കി വാർഡ്സഭാ കൺവീനർ ഉദ്യോഗസ്ഥർ, വാർഡ്സഭാ യോഗത്
പേർ എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറിയെ ഏൽപ്പിക്കേണ്ട
കോർഡിനേറ്ററുടേതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാർഡ്സ
തന്നെ അതത് വാർഡ് സഭകളിൽ പങ്കെടുത്ത പതിനഞ്ച് പേർ ഒപ്പു
ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-11 കമ്മറ്റികളുടെ പ്രവർത്തനം

നഗരസഭയിൽ ഭരണസമിതി, സ്റ്റിയറിംഗ് കമ്മറ്റി എന്നിവ
തലത്തിലുള്ള 6 സ്റ്റാൻഡിംഗ് കമ്മറ്റികൾ (ധനകാര്യം, വികസനം,
വിദ്യാഭ്യാസം, പൊതുമരാമത്ത്) രൂപീകരിച്ചിട്ടുണ്ട്. സ്റ്റാൻഡിംഗ് കമ്മ
യോഗം ചേരുകയും ഭരണപരമായ തീരുമാനങ്ങൾ ഭരണസമിത
ചെയ്യുകയും ചെയ്യുന്നുണ്ട്. എന്നാൽ ഭരണസമിതി, സ്റ്റാൻഡിംഗ് കമ്മി
ചേർന്ന ശേഷം തീരുമാനങ്ങൾ പ്രസിഡന്റിന്റെ അംഗീ
കാലതാമസം നേരിടുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

യോഗ തീയതി	മിനുട്സ് അംഗീകാരത്തിനായി അയച്ച തീയതി	മിനുട്സ് അംഗീകരിച്ച തീയതി
19.01.2024	04.03.2024	04.03.2024
13.02.2024	14.03.2024	14.03.2024
15.03.2024	05.04.2024	05.04.2024

ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്. യോഗം
ദിവസത്തിനകം മിനുട്സ് തയ്യാറാക്കി നഗരസഭാ ചെയർമ
അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.
നഗരസഭയിൽ വിവിധ തലത്തിലുള്ള 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകര
2023-24 വർഷക്കാലയളവിൽ പ്രാദേശിക സാമ്പത്തിക വികസനം, ദാര
എന്നിവ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പുകൾ ഒറ്റത്തവണയും ബാക്കി വ
രണ്ടുതവണയും യോഗം ചേർന്നിട്ടുണ്ട്. എന്നാൽ കുടിവെള്ളം സംഭ

ഗ്രൂപ്പ് ഒറ്റത്തവണ പോലും യോഗം ചേർന്നിട്ടില്ല. പദ്ധതി രൂപീക
നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓരോ നിർവ്വഹണ ഉദ്യോഗസ്ഥര
പ്രൊജക്ടുകളുടെ പുരോഗതിയും സ്ഥിതിവിവരങ്ങളും അവലോകന
മോണിറ്ററിംഗിനുമായി നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അതത്
അംഗങ്ങളുടെയും മോണിറ്ററിംഗ് കമ്മറ്റി യോഗം വിളിച്ചു ചേർ
നിർവ്വഹണത്തിന്റെ പ്രാരംഭഘട്ടവും പുരോഗതിയും പൂർത്തീകരണ
മോണിറ്ററിംഗും അതത് വർക്കിംഗ് ഗ്രൂപ്പുകളുടെ ഉത്തരവാദിത്
ഗ്രൂപ്പുകളുടെ കൺവീനറായ നിർവഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് നിർ
വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ ചുമതല ഒഴിയേണ്ടതും, പദ്ധ
ആയതിന്റെ മോണിറ്ററിംഗ് എന്നിവ ബാക്കി ഗ്രൂപ്പംഗങ്ങൾ നിർവ്വ
നിർവ്വഹണം ചെയ്ത മിക്ക പദ്ധതികളുടെയും മോണിറ്ററിംഗ് നടത്തി മേ
റിപ്പോർട്ട് ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി നിർവ്വഹ
കൃത്യമായ വിലയിരുത്തലുകൾ നടത്തി മോണിറ്ററിംഗ് കമ്മിറ്റ
തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രൊക്യൂയർമെന്റ് കമ്മറ്റി 2023-24 ൽ യോഗം ചേർന
പരിശോധിക്കാനായിട്ടില്ല. സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് റിക
1/06.02.2025 പ്രകാരം പ്രൊക്യൂയർമെന്റ് കമ്മിറ്റി മിനുട്ട്സ്
ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. സാധനങ്ങള
വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യൂ
ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെ
ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. രോഗികൾക്കുള
ഹരിതകർമ്മസേനാംഗങ്ങൾക്കുള്ള യൂണിഫോമും ഇത്തരത്തിലാണ്
വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിക്കൊണ്ട് പ്രൊക്യൂയർ
അംഗീകാരത്തോടെ മാത്രം പർച്ചേസുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടത

1-12 രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ ബാലൻസും യഥ ബാലൻസും പൊരുത്തപ്പെടുന്നില്ല

രസീത് ബുക്ക് ബാലൻസ് സ്റ്റോക്ക് പരിശോധിച്ചതിൽ, ആകെ 250 ര
സ്റ്റോർ റൂമിൽ കാണാൻ സാധിച്ചു (രസീത് ബുക്ക് നമ്പർ 1241 മുത
ബുക്കുകൾ, രസീത് ബുക്ക് നമ്പർ 1511 മുതൽ 1750 വരെ = 240 ബുക്കുക
ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അവശേഷിക്കുന്നത് 155 രസീത് ബു
സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അവസാനമായി രസീത് ബുക്ക് (ബുക്ക്
നൽകിയിരിക്കുന്നത് 18 ഡിസംബർ 2023 നു സീനിയർ വെറ്ററിനറ
ജനുവരി മുതൽ ആർക്കും തന്നെ രസീത് ബുക്ക് നൽകിയിട്ട
കണ്ടെത്തിയ രസീത് ബുക്ക് എപ്പോൾ സ്വീകരിച്ചതാണെന്നും ഇവ
രേഖപ്പെടുത്താത്തതിന്റെ കാരണവും അന്വേഷിച്ചു കൊണ്ട് നൽക
(18/11.02.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രസീത് പുസ്തകങ്ങൾ സ്റ്റോക്കി
രജിസ്റ്ററിൽ ചേർക്കാത്തതും കൃത്യവിലോപമായി ഓഡിറ്റിൽ വിലയി
അപാകങ്ങൾ സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിവെക്കുമെന്നത്
ഭരണസമിതിയുടെ സത്വരവും അടിയന്തിരവുമായ ഇടപെടൽ
അപാകങ്ങൾ പരിഹരിച്ച് യഥാസമയം ഓഡിറ്റിന് റിപ്പോർട്ട് നൽകേണ്ട

1-13 തൊഴിൽ നികുതി പിഴ ഈടാക്കുന്നതിലെ അപ

തദ്ദേശ സ്വയംഭരണ (എൻ) വകുപ്പിന്റെ 24.08.2000 തീയതിയിലെ 5
നമ്പർ സർക്കുലറിൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നി
നൽകേണ്ടി വരുന്ന തീയതി സെപ്തംബർ ഒന്നു മുതലാണെന്ന് വ്യ
എന്നാൽ കൂത്തുപറമ്പ നഗരസഭയിൽ ചില സ്ഥാപനങ്ങളുടെ ഒന്നാം
തൊഴിൽ നികുതി സെപ്തംബർ മാസത്തിന് ശേഷം ഒടുക്കിയതിന് പി
ഒക്ടോബർ മാസം മുതലാണ്.
ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

സ്ഥാപനത്തിന്റെ പേര്	തൊഴിൽ നികുതി/ രസീത് നമ്പർ	ഈടാക്കിയ പിഴ	ഈടാക്കേണ്ട പിഴ	പിഴയിനത്തിലെ കുറവ്
സന്തോഷം വസ്ത്രാലയം	₹8750 123003-0384/13.10.2023	175	350	175
സന്തോഷം വെഡിംഗ്	₹10130 123003-0385/13.10.23	203	405	202
ആക്സിസ് ബാങ്ക്, കൂത്തുപറമ്പ	₹15250 123003-0382/13.10.2023	305	610	305
കൂത്തുപറമ്പ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി	₹45150 123003-0386/16.10.2023	903	1806	903
വിന്റേജ് റസിഡൻസി	₹9400 23003-0395/31.10/2023	188	376	188
ബ്ലോക്ക് പ്രൊജക്ട് കോ ഓർഡിനേറ്റർ	₹19300 123003-0377/-13.10.2023	386	772	386
എഡിഎ ഓഫീസ്, കൂത്തുപറമ്പ	₹4500 123003-377/06.10.2023	90	180	90
ഐസിഐസിഐ ബാങ്ക	₹10750 123003-0398/03.11.2023	430	645	215
ബഡ്സ് സ്കൂൾ, തൃക്കണ്ണാപുരം	₹6000 123003-0400/16.11.2023	240	360	120
അഹല്യ Fin Forex Ltd.	₹3000 123003-0375/10.10.2023	60	120	60

മേൽ സർക്കാർ ഉത്തരവിൽ/വിജ്ഞാപനത്തിൽ നിഷ്കർഷിച്ച
ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.5/
നികുതി പിഴ പലിശ ഈടാക്കുന്നതിൽ കുറവു വന്നത് അറിയിച്

വ്യക്തികളിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം പിഴ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-14 2023-24 വർഷത്തിൽ പുതുതായി നികുതി നിർണ്ണ കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും പുതുക്കിയ നിര നികുതി ഈടാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2023-ലെ ജി.ഒ(എം)നം.77/2023 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 31.03.2023 നിർണ്ണയിക്കപ്പെട്ട നിലവിലുള്ള കെട്ടിടങ്ങൾക്ക് തുടർവർഷങ്ങളിൽ 01.04.2023 മുതലുള്ള പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05.04.2023 ലെ സ.ഉ.(അച്ചടി) പ്രകാരം വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കുകൾ കൂത്തുപറമ്പ് മുനിസിപ്പൽ കൗൺസിലിന്റെ 21.07.2023 ര നമ്പർ തീരുമാന പ്രകാരം ആർ1-5798/23 നമ്പറായി അന്തി പുറപ്പെടുവിക്കുകയുമുണ്ടായി. അന്തിമ വിജ്ഞാപന പ്രകാരമുള്ള പു സഞ്ചയയിൽ ഉൾപ്പെടുത്തി പുതിയ നിരക്കുകളുടെയും വ അടിസ്ഥാനത്തിൽ ഫാറം 6 തയ്യാറാക്കുന്നത് വരെയുള്ള കാലയള പ്രാബല്യത്തിലുള്ള പഴയ നികുതി നിരക്കിലായിരുന്നു 01.04.2023 നികുതിദായകരുടെ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തിയി 01.04.2023 നു ശേഷം പഴയ നിരക്കിൽ നികുതി നിർണ്ണയം ന കെട്ടിടങ്ങളുടെയും ഫാറം 6 പരിഷ്ക്കരിച്ച് പുനർനിർണ്ണയിക്കേണ്ടതായിരുന്നു. എന്നാൽ 01.04.2023 നു ശേഷം നികുതി നിർണ്ണയം നടത്തിയ കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിലെ 28 വ കെട്ടിടങ്ങളുടെ ഫാറം 6 പരിഷ്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച ഈടാക്കിയിട്ടില്ല. മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ പഴയ നിരക്കിലു ഡാറ്റ തന്നെയാണ് 01.01.2024 പ്രാബല്യത്തിലുള്ള കെസ്മാർട്ട് നിലവിലുള്ളത്. പുതിയ നികുതിദായകരുടെ നികുതിനിർണ്ണയത്തിന സംബന്ധിച്ച ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.
കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയുടെ അന്തിമ വിജ്ഞാ പാർപ്പിടാവശ്യങ്ങൾക്കും വാണിജ്യാവശ്യത്തിനും ഉപയോഗിക്കുന്ന ഉപവിഭാഗങ്ങൾക്ക് നിശ്ചയിച്ച നികുതി നിരക്ക് താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം	ഒരു ചതുരശ്ര മീറ്ററിന് നിശ്ചയിച്ച നിരക്ക് (രൂപ)
1	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ	12

2	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്കു വാടകയ്ക്കു നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീറ്ററിന് മുകളിലുള്ളവ	14
3	ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീ വരെയുള്ളവ	75
4	ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് മുകളിലുള്ളവ	80
5	വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടങ്ങൾ	75
6	വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ 500 ച.മീ വരെയുള്ള കെട്ടിടങ്ങൾ	100
7	500 ച.മീറ്ററിന് മുകളിലുള്ളവ	110

01.04.2023 ന് ശേഷം ഒക്യൂപ്പൻസി നൽകിയ താഴെപ്പറയുന്ന പഴയനിരക്കിൽ നികുതി നിർണ്ണയം നടത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവ

കെട്ടിട നമ്പർ	ഉടമയുടെ പേര്	വിസ്തീർണ്ണം ച.മീ	ഉപയോഗ ക്രമം	അസസ്സ്മെന്റ് രജിസ്റ്റർ/ സുഞ്ചിയ സോഫ്റ്റ്വെയർ അപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം	അസസ്സ്മെന്റ് രജിസ്റ്റർ/സഞ്ചയ സോഫ്റ്റ്വെയ അപ്ലിക്കേഷനിര ഉൾപ്പെടുത്തേണ കെട്ടിടത്തിന്റെ ഉപവിഭാഗം
3 / 300 C	1. മുഹമ്മദ് പുതിയ പുരയിൽ 2.ചേനോത്ത് കയ്യാല ക്കകത്ത് ഹസീന	460.63	പാർപ്പിടാവശ്യം	പാർപ്പിടാവശ്യം	സ്വന്തം താമസത്ത ഉപയോഗിക്കുന്ന പ പ്പിടങ്ങൾ, ഹോംസ് (ഉടമസ്ഥൻ താമസ ക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക നൽകുന്ന തുമായ പാർപ്പിടങ്ങൾ) 300 ച.മീ മുകളിലുള്ള
3/ 300 D	1. ഫൈസൽ ചേനോത്ത കയ്യാല ക്കകത്ത് 2. അയിന കത്ത കല്ലേരി റഹീയാനത്ത്	330.66	പാർപ്പിടാവശ്യം	പാർപ്പിടാവശ്യം	സ്വന്തം താമസത്ത ഉപയോഗിക്കുന്ന പ പ്പിടങ്ങൾ, ഹോംസ് (ഉടമസ്ഥൻ താമസ ക്കുന്നതും ഒന്നോ അതിലധികമോ മ കൾ വിനോദസഞ്ചാരി കൾക്ക് വാടകയ്ക നൽ കുന്നതുമായ പാർപ്പി ടങ്ങൾ)-300 ച.മീ മുകളിലുള്ള

19 / 146 C	ഷാജൻ കതിരൻ	532.54	പാർപ്പിടാവശ്യം	പാർപ്പിടാവശ്യം	സ്വന്തം താമസത്ത ഉപയോഗിക്കുന്ന പ പ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസി ക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്ന തുമായ പാർപ്പിടങ്ങൾ) 300 ച.മീ മുകളിലുള്ള
8 / 123 A	സുബിൻ ബാബു മാറോളി	147.84	പാർപ്പിടാവശ്യം	പാർപ്പിടാവശ്യം	സ്വന്തം താമസത്ത ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥ താമസിക്കുന്നതും ഒന്നോ അതിലധി കമോ മുറികൾ വിനോദ സഞ്ചാരി കൾക്ക് വാടകയ്ക്ക നൽകുന്നതുമായ പാർ പ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ
13/ 139 B	വിജീഷ് ചെവിടിയൻ	231.07	പാർപ്പിടാവശ്യം	പാർപ്പിടാവശ്യം	സ്വന്തം താമസത്ത ഉപയോഗിക്കുന്ന പ പ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസി ക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക നൽകുന്നതു മായ പാർപ്പിടങ്ങൾ) 300 ച.മീ വരെയുള്ളവ
14 / 837 I,J,K, L,M,N	മുഹമ്മദ് റാഷിദ് കെ	74.92+ 54.82+87.88+ 82.74+60.57+ 97.07 =458	ലോഡ്ജ്	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ	ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ പ്രത്യേ പാർപ്പിട ആവശ്യത്തി നുള്ളവ-300ച.മീറ്റ മുകളിലുള്ളവ

2023-24 വർഷത്തിൽ പുതുതായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങ നിന്നും പുതുക്കിയ നിരക്കിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാ നൽകിയ ഓഡിറ്റ് എൻകയറിക്ക് (63/17.02.2025) മറുപടിയായി 22.03. പ്രകാരം പുതുക്കിയ നികുതി നിരക്കിന്റെ അന്തിമ വിജ്ഞാപനത്തിന് അംഗീകാരം ലഭിച്ചത് 21.07.2023 നാണ് എന്നും 01.04.2023 മുതൽ അന്തിമ അംഗീകാരം ലഭിക്കുന്നത് വരെയുള്ള കാലയളവിലെ പുതിയ കെട്ടി നിർണ്ണയം നടത്തിയത് പഴയ നിരക്കിലാണ് എന്നും, ഈ കാല നിരക്കുകൾ അപ്ഡേറ്റ് ചെയ്യുവാനുള്ള സൗകര്യം സഞ്ചയ ലഭ്യമല്ലാത്തിനാലാണ് പഴയ നിരക്ക് പ്രകാരം നികുതി നിർണ്ണയിച്ചിട്ട അറിയിച്ചിട്ടുള്ളത്. സോഫ്റ്റ്വെയറിൽ ഐ കെ എം ആവശ്യമായ നടത്തുന്ന മുറയ്ക്ക് പഴയ നിരക്കിൽ അസ്സസ്സ് ചെയ്ത കെട്ടിടങ്ങ പുനർനിർണ്ണയം നടത്തുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

മേൽ കാലയളവിൽ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നി
വ്യത്യാസം I K M ന് അറിയിപ്പ് നൽകി പുതുക്കേണ്ടതാണ്. മേൽ പരാമ
ഉൾപ്പെടെ 01.04.2023 തീയതി മുതൽ തെറ്റായി നികുതി നിർണ്ണയ
കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും
വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-15 വസ്തു നികുതി പരിഷ്ക്കരണ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിൻറെ 22.03.2023 ലെ സ.ഉ.(കൈ) നം.77/2023/
01.04.2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരു
നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതി
നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിട
വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ
ഉൾപ്പെടുത്തേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫാ
വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അധികനിർമ്മാണം നട
ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വ
നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോ
വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുമു
വസ്തുനികുതി പരിഷ്ക്കരിക്കുന്നതിന് വേണ്ടി മുനിസിപ്പൽ തല
സ്വീകരിച്ച നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവര
ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.19/11.02.2025), മ
മാപ്പിങ്ങിന്റെ പ്രവൃത്തി അവസാനഘട്ടത്തിൽ ആണെന്നും ഡാറ്റ മിസ്
പരിശോധനയും, ജിഐഎസ് മാപ്പിങ്ങും, അസസ്സ്മെന്റ് രജിസ്റ്റ
വ്യത്യാസം കണ്ടെത്തുന്ന പരിശോധനയും നടന്നുവരുന്നു
ലഭ്യമാക്കിയിട്ടുണ്ട്
വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ട
നഷ്ടത്തിനിടയാക്കുമെന്നതിനാൽ അടിയന്തിര നടപടികൾ സ്വീകരി
ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-16 റവന്യൂ വരവിനങ്ങൾ - വാർഷിക ധനകാര്യ പത്ര പ്രകാരമുള്ള കുടിശ്ശിക തുകകൾ -അനുബന്ധ രേഖ

എ) കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയുടെ 2023-24 വർഷത്തെ വാ
പത്രികയിലെ ബി 15 ഷെഡ്യൂൾ പ്രകാരം വലിയ തുക നി
ഫീസിനത്തിലും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. വിശദവിവരം ചുവടെ

1. വസ്തു നികുതി

	തുക (₹)
വസ്തു നികുതി (അരിയർ)	20,32,403
വസ്തു നികുതി (തൻവർഷം)	60,26,216

ആകെ	80,58,619

2. തൊഴിൽ നികുതി

	തുക (₹)
തൊഴിൽ നികുതി (അരിയർ)	16,000
തൊഴിൽ നികുതി (തൻവർഷം)	45,000
ആകെ	61,000

3. ലൈസൻസ് ഫീസ്

	തുക (₹)
ലൈസൻസ് ഫീസ് (അരിയർ)	18,750
ലൈസൻസ് ഫീസ് (തൻവർഷം)	94,500
ആകെ	1,13,250

4. വാടക ഇനത്തിൽ

	തുക (₹)
വാടക (അരിയർ)	7,75,361
വാടക (തൻവർഷം)	9,21,785
ആകെ	16,97,146

5. മറ്റ് വരവിനങ്ങൾ

	തുക (₹)
മറ്റ് വരവിനങ്ങൾ (അരിയർ)	2,03,34,715
മറ്റ് വരവിനങ്ങൾ (തൻവർഷം)	ലഭ്യമല്ല

മേൽ പരാമർശിച്ച കുടിശ്ശിക തുകകൾ ഈടാക്കാൻ സ്വീകരിച്ച നടപട മറുപടിയും കുടിശ്ശികയുടെ വർഷം തിരിച്ചുള്ള വിവരങ്ങള ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.17/11 ലഭ്യമാക്കിയിട്ടില്ല.

ബി) അമൃത സ്കൂൾ കെട്ടിടം (കെട്ടിട നമ്പർ 1/UAC, കെട്ടിടത്തിന്റെ ഐ 2016 ഒന്നാം അർദ്ധവർഷം മുതൽ UA അസ്സസ്സ് ചെയ്യുകയും 2018 ഒന്നാം അ നികുതി അടവാക്കുകയും ചെയ്തിട്ടുണ്ട്. 2018 രണ്ടാം അർദ്ധ വർഷ നിർണ്ണയം കോടതി സ്റ്റേ ചെയ്തിരിക്കുകയാണെന്നതിനാൽ നികുതി 2018 രണ്ടാം അർദ്ധവർഷം മുതൽ 2024-2025 രണ്ടാം അർദ്ധ വർഷം ഉൾപ്പെടെ ₹17,44,095 അടവാക്കാനുണ്ട്. എൻകൃയറി നമ്പർ 44/14.02.2025 പ്രസ്തുത കെട്ടിടത്തിന് എതിരെ റവന്യൂ റിക്കവറിക്കായുള്ള നടപട വരുന്നുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

കുടിശ്ശിക തുകകൾ ഈടാക്കാൻ (കേരള മുനിസിപ്പാലിറ്റി ആക്ട് 1 പ്രകാരം പിഴ ഈടാക്കുന്നത് ഉൾപ്പെടെയുള്ള) അടിയന്ത സ്വീകരിക്കേണ്ടതും ആവശ്യമായ അനുബന്ധ രേഖക സൂക്ഷിക്കേണ്ടതുമാണ്.

1-17 ബസ്-സ്റ്റാൻഡ് ലേലം - ലേല വ്യവസ്ഥകൾക്ക് വി ലേലത്തുകയും പിഴയും ഈടാക്കി

കൂത്തുപറമ്പ് നഗരസഭയിൽ 2023-24 വർഷത്തെ ബസ് സ്റ്റാൻഡ് നടത്തുന്നതിനുള്ള അവകാശം ശ്രീ.ബിജേഷ് എം. പി. എന്നവർക നൽകിക്കൊണ്ട് 03.03.2023 ലെ 1-ാം നം. തീരുമാന പ്രകാരം കൗൺ നൽകിയിട്ടുണ്ട്. ലേലം നൽകിയ തുകയ്ക്ക് പുറമെ 18% ജി.എസ്.ടി. T ആയത് ₹19,18,686 ആണ്. ലേല രജിസ്റ്റർ പ്രകാരം പ്രസ്തുത വ്യക്തി 5 തവ നഗരസഭയിലേയ്ക്ക് അടച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു

തീയതി	അടച്ച തുക (₹)	തവണകൾ
21.02.2023	5,50,000	ഒന്നാം ഗഡു
30.06.2023	2,80,000	രണ്ടാം ഗഡു
30.09.2023	4,20,000	മൂന്നാം ഗഡു
30.12.2023	4,00,000	നാലാം ഗഡു
07.05.2024	3,21,285	അഞ്ചാം ഗഡു
ആകെ	19,71,285	

2023 ഡിസംബർ മാസത്തിൽ 4-ാമത്തെ ഗഡു അടവാക്കിയതിനു മാസത്തിലാണ് അവസാന ഗഡുവായ ₹3,21,285 അടച്ചിരിക്കുന്നത്. കൂടാ അധികം അടച്ച തുകയായ ₹52,599 (₹19,71,285 – ₹19,18,686) യിൽ ₹ നികുതിയും ബാക്കി തുക ₹20,080 പിഴയിനത്തിലും ഈടാക്കിയതാണ് പലിശ X 4 മാസം).

എന്നാൽ ലേലത്തിനായി ഭരണസമിതി അംഗീകരിച്ച ഫൈ ഈടാക്കുന്നതിനെ പറ്റി വ്യവസ്ഥയില്ല. ഒരു ലക്ഷം രൂപയ്ക്കു പിടിച്ചെടുത്ത വ്യക്തി 3 തവണകളായി നഗരസഭയിലേയ്ക്ക് അടയ്ക ആണ് ലേലം ഉടമ്പടിയിലെ വ്യവസ്ഥ. ഇങ്ങനെ അടയ്ക്കാത്ത പക്ഷം ചെയ്ത് വീണ്ടും പുതുതായി ലേലം നടത്തണം എന്നും വ്യവസ്ഥ സാഹചര്യത്തിൽ ലേലം റദ്ദ് ചെയ്യാതെ, പിഴ ഈടാക്കിയതിന് വ്യക്തമാക്കാനായി നൽകിയ എൻകപയറിക്ക് (60/17.02.2025) മറുപടി സമയബന്ധിതമായി തുക ഒടുക്കാത്ത സാഹചര്യത്തിൽ പിഴ ഇ ആവശ്യമായ മാറ്റങ്ങൾ ലേല വ്യവസ്ഥയിൽ വരുത്തേണ്ടതാണ്.

1-18 വാടകയിനത്തിലുള്ള നഷ്ടങ്ങളും അപാകങ്ങളു

1) കൂത്തുപറമ്പ് നഗരസഭയുടെ ഉടമസ്ഥതയിലുള്ള ആകെ കെട്ട് അവയിൽ വാടകയ്ക്ക് നൽകിയിരിക്കുന്ന മുറികളുടെ എണ്ണം, വാടക ഒഴിഞ്ഞ് കിടക്കുന്ന മുറികളുടെ എണ്ണം, ഒഴിഞ്ഞു കിടക്കുന്ന മുറികൾ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) നഗരസഭയിൽ വാടക ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വാടക കെട്ടിടത്തിന്റെയും ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) വാടക ഫയൽ പരിശോധിച്ചതിൽ നിന്നും മാർക്കറ്റ് ഷോപ്പിംഗ് (കെട്ടിട നമ്പർ 14/401) പുതുക്കി പണിതതായും 21 ജൂൺ 2023 നു പുതുക്കി ഒക്യുപ്പൻസി അനുവദിച്ചതായും കാണുന്നുണ്ട്. സെല്ലാർ നില, ഗ്രൗണ്ട് രണ്ടാം നില എന്നിവിടങ്ങളിലായി 124 മുറികളായി വാണിജ്യാവശ്യങ്ങൾക്കായി മുറികൾ കൂട്ടിച്ചേർക്കലുകൾക്ക് ശേഷം മാറ്റിയിട്ടുണ്ട്. ഇതിൽ 63 മുറികൾ മുൻ ലൈസൻസികൾക്കും, 1 മുറി മാറ്റിവെച്ചിട്ടുണ്ട്. ബാക്കി വരുന്ന 41 മുറികളിൽ ഒരു മുറി (14/40 കൗൺസിലിന്റെ 03.01.2024 ലെ 4-ാം നമ്പർ തീരുമാന പ്രകാരം ലേലം വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ അവശേഷിക്കുന്ന 40 തീയതിയിലും ലേലം ചെയ്തിട്ടില്ല. ആയതിന്റെ കാരണം അറിയിച്ചിട്ടില്ല

4) 2023-24 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂൾ റിസീവബിൾ ഫ്രം സിവിക് അമനിറ്റീസിന്റെ തൻവർഷ കുടിശ്ശികയും, മുൻവർഷങ്ങളിലെ കുടിശ്ശികയിനത്തിൽ ₹7,75,361 യും ബാക്കിയുണ്ട്. ഓഡിറ്റിൽ ഹാജരാക്കിയ വാടക ഡിമാന്റ് രജിസ്റ്റർ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2023-24 വർഷം വാടകയിനത്തിൽ കെട്ടിടങ്ങളിൽ നിന്നും കുടിശ്ശികയും ബൈ ലോ പ്രകാരം ഈടാക്കേ ലഭ്യമാക്കാനുണ്ട്.

ബസ്സ്റ്റാന്റ് കോംപ്ലക്സ്				
ക്രമ നം.	കെട്ടിട നമ്പർ	വാടകക്കാരൻ	മാസവാടക (₹) (GST ഉൾപ്പെടെ)	ഈടാക്കാൻ അവശേഷിക്കുന്ന മാസം
1	25/701	കെ പി അഷ്റഫ്, നരവൂർ	4558	03/24
ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് – രണ്ടാം നില				
2	25/716	പ്രസിഡന്റ്, റിക്രിയേഷൻ ക്ലബ്	6040	10/23.03.2024
ബാങ്ക്				
3	25/688	അനിത.കെ	496	04/23.03.2024
4	25/657 E	സെക്രട്ടറി, കുടുംബശ്രീ സ്റ്റേഷനറി	4947	04/23.03.2024
5	25/635 A	പി.വി.ലക്ഷ്മി	311	04/23.03.2024

ആമ്പിലാട് മിനി വ്യവസായ എസ്റ്റേറ്റ്				
6	1/56	ഏരു	1495	04/23.03.2024
ന്യൂ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്				
7	14/401 A25	ശ്രീജേഷ്.എം	3513	04/23.03.2024
8	14/401 B5	കെ.കെ.ഷൈമ	2676	03/24
9	14/401 B19	നിയാസ് വലിയകത്ത്	5352	04/23.03.2024
10	14/FF9	ടി.കെ.മുസ്തഫ	614	04/23.03.2024
11	14/FF15	ടി.കെ.മുസ്തഫ	3682	04/23.03.2024
ന്യൂ ബാങ്ക്				
12	1/1	രാജീവൻ.വി.ടി	619	04/23.03.2024
13	25/1	സജീവൻ.വി.ടി	619	04/23.03.2024
14	14/1	കുടുംബശ്രീ അഗ്രികിയോസ്ക്	371	04/23.03.2024
മത്സ്യമാർക്കറ്റ്				
15	14/401 C13	സി.കെ.അന്ത്രുമാൻ	1285	04/23.03.2024
16	14/401 C1	പി.കെ.മൊയ്തീൻ	1285	08/23.03.2024
17	14/401 C12	ഡി. മുഹമ്മദ്	1285	12/23.03.2024
18	14/401 C3	കെ.അബ്ദുള്ള	1285	04/23.03.2024
19	14/401 C10	പി.പി.ഖാദർ	1285	03/24
20	14/401 C9	പി.പി.നാസർ	1285	04/23.03.2024
21	14/401 C5	മുഹമ്മദ് ദയരോത്ത്	1285	11/23.03.2024

വാടകക്കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർന
ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (5
ലഭ്യമാക്കിയിട്ടില്ല.

1-19 വിനോദ നികുതിയോടൊപ്പം സിനിമ സെസ്സ് ഈ

സ.ഉ.(സാധാ) നം.137/2024/എൽ.എസ്.ജി.ഡി. തീയതി 18.01.2024
തീയേറ്ററുകളിൽ നിന്നും പിരിച്ചെടുക്കുന്ന വിനോദ നികുതിയോടൊ
കൂടി പിരിച്ച് അതത് മാസങ്ങളിൽ തന്നെ കേരള സംസ്ഥാന സാംസ്
ക്ഷേമനിധി ബോർഡിലേക്ക് അടയ്ക്കുന്ന ചുമതല തദ്ദേശ സ്വ
സെക്രട്ടറിമാരിൽ നിക്ഷിപ്തമാണ്. ഇപ്രകാരം പിരിച്ചെടുക്കുന്ന
ബോർഡിലേക്ക് അടയ്ക്കാത്ത പക്ഷം തദ്ദേശ സ്വയംഭരണ സ്ഥ
പ്രസിഡണ്ട്/ചെയർപേഴ്സൺ എന്നിവരിൽ നിന്നും പിഴ ഈടാക്കുന
തിയേറ്ററുകൾ ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷ സമർപ്പി
സെസ്സ് ഇനത്തിൽ തൊട്ടുമുൻ വാർഷിക പാദം വരെ നൽ
അടച്ചുതീർത്തതായുള്ള കേരള സംസ്ഥാന സാംസ്കാരിക പ്രവർ
ബോർഡിൽ നിന്നുള്ള കുടിശ്ശിക രഹിത സർട്ടിഫിക്കറ്റ്
സമർപ്പിക്കേണ്ടതാണ്
മുനിസിപ്പാലിറ്റിയിൽ ഉള്ള 'ബേബി സിനിമാസ്' എന്ന തീയേറ്റർ 'സി
തുകയിൽ ഉൾപ്പെടുത്തി ഈടാക്കുന്നുണ്ടെങ്കിലും, അവ മുനി
അടയ്ക്കാതെ നേരിട്ട് കേരള സംസ്ഥാന സാംസ്കാരിക പ്രവർ
ബോർഡിലേക്ക് ആണ് അടയ്ക്കുന്നത് എന്ന് ബോധ്യപ്പെട്ടു. തീയേറ്റർ
അടയ്ക്കുന്നതിന് മുടക്കം വരുന്ന പക്ഷം അത് നഗരസഭയുടെ ബാ
അതിനാൽ തന്നെ മാസംതോറും വിനോദ നികുതി ഈടാക്കു
സിനിമാസെസ്സും നഗരസഭ ഈടാക്കി കേരള സംസ്ഥാന സാംസ്ക
ക്ഷേമനിധി ബോർഡിലേക്ക് അടയ്ക്കേണ്ടതാണ്.

1-20 അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കുന്നി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 തീയതിയിലെ 29342/ആ
നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധ
രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ
വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടു
പരിപാലിച്ചു വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ (2023-24 സാമ്പ
രജിസ്റ്റർ) ലഭ്യമാക്കുന്നതിനായി നൽകിയ എൻകുയറിക്ക് (നം.49/
രേഖകൾ ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിധിയിലുള്ള മുഴു
കെട്ടിടങ്ങളുടെയും വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് കേരള മുനി
സെക്ഷൻ 242 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 21 (1)
വരെയുള്ള താമസകെട്ടിടങ്ങളും, 50 ച.മീ. വരെയുള്ള വാണി
ആരാധനാലയങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾ
ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപ്പൻസി സർട്ടിഫി
വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേ
21 (2) പ്രകാരം ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത
സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണെന്നും വ്യ

കൂത്തുപറമ്പ് നഗരസഭയിൽ മേൽ ചട്ടപ്രകാരം പോസ്റ്റ് ഒക്യുപ്പൻസ
അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീ
ആയതിന്റെ വിവരം രേഖകൾ സഹിതം ലഭ്യമാക്കാൻ ആവശ്യപ്പെട്ട്
എൻകെയറിക്ക് (നം.43/14.02.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.
പൂർത്തിയാക്കി ഒക്യുപ്പൻസി ലഭ്യമായതിനു ശേഷം സംഭവി
നിയമലംഘനങ്ങളും കണ്ടെത്തുന്നതിന് (പാർക്കിംഗിന് ലഭ്യമായ സ്ഥല
ആവശ്യങ്ങൾക്ക് ഉപയോഗിക്കുക, കെട്ടിടത്തോട് അനു
കൂട്ടിച്ചേർക്കലുകളും വരുത്തുക തുടങ്ങിയവ) പോസ്റ്റ് ഒക്യ
സഹായകരമാകും. ജി.ഐ.എസ് മാപ്പിംഗ് വഴി ലഭ്യമാ
ഉപയോഗപ്പെടുത്തിയും അതിനു ശേഷമുള്ള വിവരങ്ങൾ പോസ്റ്റ് ഒ
വഴി ശേഖരിച്ചും ചട്ടലംഘനങ്ങൾ കണ്ടെത്താവുന്നതാണ്.

1-22 ഇ ടെണ്ടർഫീസ് -തുക തനത് ഫണ്ട് അക്കൗണ്ടിലേ മാറ്റേണ്ടതാണ്.

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്ര
ടെണ്ടർ ഫീസ് ക്രെഡിറ്റ് ചെയ്യുന്നത് അസിസ്റ്റന്റ് എഞ്ചിനീയരുടെ പേ
കൂത്തുപറമ്പ് ശാഖയിലുള്ള 67297020430 നമ്പർ അക്കൗണ്ടിലാണ്. പാ
പ്രസ്തുത അക്കൗണ്ടിൽ 31.03.2024 ന് ₹452789 നീക്കിയിരിപ്പ
മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല.
നല്കിയ ഓഡിറ്റ് എൻകെയറിക്ക് (62/17.02.2025) മുനിസിപ്പൽ എഞ്
നല്കിയിട്ടില്ല. ഇ-ടെണ്ടർ ഫീ ഇനത്തിലെ തുക മുനിസിപ്പാലിറ്റിയുടെ
മാറ്റി വിവരം അറിയിക്കേണ്ടതാണ്.

1-23 ഇ-പേയ്മെന്റ് അക്കൗണ്ടിലെ തുക സേവിംഗ്സ് ബ അക്കൗണ്ടിലേയ്ക്ക് മാറ്റുന്നില്ല. പലിശ ഇനത്തിൽ നഷ്ടം

എസ് ബി ഐ യിലെ ഇ-പേയ്മെന്റ് സംബന്ധിച്ച കറന്റ് അക്കൗ
31.03.2024ന് ₹35,38,547 ബാലൻസ് ഉണ്ട്. വലിയ തുക പലിശരഹിത കറ
സൂക്ഷിക്കുന്നതു കാരണം പലിശ ഇനത്തിൽ വർഷം തോറും ന
നഷ്ടപ്പെടുന്നതിന് ഇടയാകുന്നുണ്ട്. ഈ സാഹചര്യത്തിൽ മേൽതുക
അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും
തുക നഷ്ടപ്പെടുന്നത് ഒഴിവാക്കേണ്ടതുമാണ്. നിലവിലുള്ള തുക
അക്കൗണ്ടിലേയ്ക്ക് മാറ്റി അറിയിക്കേണ്ടതും, ഭാവിയിൽ കറന്റ് അക്കൗ
കൃത്യമായ ഇടവേളകളിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടത

1-24 പെയിൻ & പാലിയേറ്റിവ് കെയർ ഹെൽത്ത് ഗ്രാന്റ് ലഭ്യമായില്ല, ₹185075 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി എച്ച് സി

പ്രോജക്ട് നം. & പേര്	209/24, പെയിൻ & പാലിയേറ്റീവ് കെയർ ഹെൽത്ത് ഗ്രാന്റ്
അടങ്കൽ	₹2400000 ഹെൽത്ത് ഗ്രാന്റ്
ചെലവ്	₹877170
റിക്വസിഷൻ നമ്പർ	3021914501230048/01.01.2024 - ₹82327 3021914501230061/15.02.2024 - ₹68428 3021914501230070/26.03.2024 - ₹368734

നഗരസഭയിലെ കിടപ്പ് രോഗികൾക്ക് സാന്ത്വന പരിചരണം പാലിയേറ്റീവ് കെയർ നഴ്സിന്റെ വേതനം, വാടകയ്ക്കെടുത്ത വാഹന ചാർജ്ജ്, ഹോംകെയർ, മറ്റ് ചെലവുകൾ, മെഡിസിൻ പാലിയേറ്റീ വാങ്ങൽ എന്നീയിനങ്ങളിലെ ചെലവുകൾക്കായാണ് ഈ പ്രോജക്ട് ര പ്രൊഫോർമ ഇൻവോയ്സ് 2348/28.11.2023, 430/19.02.2024, 393/09.02.2024 എന്നി (₹82327+₹368734+₹68428) മരുന്ന് വാങ്ങുന്നതിനായി KMSCL ന് നൽകിയിട്ട 185075 (₹1824+₹178646+₹4605) യുടെ മരുന്നുകൾ ലഭ്യമാകുവാൻ ബ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (66/17.02.2025) മരുന്ന് മുറയ്ക്ക് അറിയിക്കുന്നതാണെന്നാണ് മറുപടി നൽകിയിരിക്കു ലഭ്യമാകാത്ത സാഹചര്യത്തിൽ ₹185075യുടെ ചെലവ് തടസ്സപ്പെടുത്തുന

1-25 ഡയാലിസിസ് രോഗികൾക്ക് മരുന്നും കൺസ്യൂമ വാങ്ങൽ- മരുന്ന് ലഭ്യമായിട്ടില്ല. ₹369463 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി
പ്രോജക്ട് നം. & പേര്	67/24, കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് രോഗികൾക്ക് മരുന്നും കൺസ്യൂമബിൾസും വാങ്ങൽ
അടങ്കൽ	₹5000000 മെയിന്റയിനൻസ് ഗ്രാന്റ് – റോഡിതരം
ചെലവ്/ബിൽ നമ്പർ/തീയതി	89/07.08.2023 - ₹879171 95/09.08.2023 - ₹218584 142/19.10.2023 – ₹806197 303/ 07.02.2024 - ₹826374

	461/24.03.2024 – ₹112501 ആകെ - ₹2842827

കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് രോഗ കൺസ്യൂമബിൾസും ലഭ്യമാക്കുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. ബിൽ 142/19.10.2023, 303/07.02.2024 പ്രകാരം ₹2,511,742 യുടെ മരുന്നുകൾ ലഭ KMSCL ന് അനുവദിച്ചിട്ടുണ്ട്. ആയതിൽ ₹369463 (₹262972+₹57067+₹100785) ലഭ്യമാകുവാൻ ബാക്കിയുണ്ട്. ടി മരുന്നുകൾ ലഭ്യമായതിന് അറിയിക്കുന്നതിനും മരുന്നുകൾ സ്റ്റോക്കിൽ എടുത്ത് വിതരണം രേഖകൾ ലഭ്യമാക്കുന്നതിനും നഗരസഭയിൽ നിന്ന് മരുന് ലഭിച്ചു ഡയാലിസിസ് രോഗികളുടെ എണ്ണം/വിവരങ്ങൾ, മോണിറ്ററിംഗ് എന്നിവ ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻകയറിക മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന സോഫ്റ്റ്വെയറായ DDMS വഴി മരുന്നുകൾ സ്റ്റോക്കിലെടുത ഡയാലിസിസ് രോഗികൾക്ക് മരുന്നുകൾ നൽകി വരുന്നു നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ₹369 തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയ സ്വീകരിക്കേണ്ടതാണ്.

1-26 വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ
പ്രോജക്ട് നമ്പർ/ പേര്	82/24, വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ
അടങ്കൽ	₹337500 – വികസന ഫണ്ട് – പൊതുവിഭാഗം ₹2007500 – തനത് ഫണ്ട്
ചെലവ്	₹337500 – വികസന ഫണ്ട് – പൊതുവിഭാഗം ബിൽ നമ്പർ: 243/27-12-2023, ₹112500 ബിൽ നമ്പർ: 463 /24-03-2024, ₹225000 ₹1981061 – തനത് ഫണ്ട് ബിൽ നമ്പർ: 48/10-07-2023, ₹1162500 ബിൽ നമ്പർ: 123/18-09-2023, ₹300000 ബിൽ നമ്പർ: 132/09-10-2023, ₹37500 ബിൽ നമ്പർ: 97/17-08-2023, ₹481061

വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ എന്ന പദ്ധതി വിഭാഗത്തിൽ പെട്ട 33 പേർക്ക് വീട് വാസയോഗ്യമാക്കുന്നത അനുവദിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം അഡ്വാൻസായി ₹37500 യും പണി വാലേഷന്റെ അടിസ്ഥാനത്തിൽ പരമാവധി ₹37500 ചേർത്ത് ആകെ ₹ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴെ പറയ കാണുന്നു.

1) പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ. ഖാദർ എ പി യ്ക്ക് ₹ അനുവദിച്ചിരുന്നു (ബിൽ നമ്പർ: 48/10.07.2023, ₹11625.00) വാലേഷൻ സർ ടിയാൻ ₹27593 യുടെ പ്രവൃത്തി മാത്രമേ ചെയ്തിട്ടുള്ളൂ എന്നാണ് രേഖ ടിയാന് നൽകിയ അഡ്വാൻസ് തുകയിൽ ബാക്കിയുള്ള ₹9907 തിരികെ

2) ഗുണഭോക്താക്കളുടെ അപേക്ഷയുടെ കൂടെ വരുമാന സർട്ടിഫിക്കറ്റ് പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ജനറൽ വിഭാഗത രൂപയിൽ കുറവ് വരുമാനമുള്ളവർക്ക് മാത്രമേ സബ്സിഡി അർഹതയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വരുമാന സ ഗുണഭോക്താക്കളുടെ അർഹത ഉറപ്പ് വരുത്തിയത് എങ്ങനെ എന്ന് വ്യ

3) ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റ 48/10.07.2023 പ്രകാരം വാഴവളപ്പിൽ ദാസൻ എന്നവർക്ക് നൽകിയ ധനന യുടെ വിശദാംശം ചേർത്തിട്ടില്ല. ടി ഗുണഭോക്താവ് ബാക്കി തുക കൈപ്പറ്റ് രശീതിയിൽ രേഖപ്പെടുത്തിയത്. ടിയാൻ 2021-22 വർഷം സംബന്ധിച്ച വിവരവും രജിസ്റ്ററിൽ ചേർത്തിട്ടില്ല (14.12.2021 ന് ₹375 മറുപടിയിൽ അറിയിച്ചിട്ടുണ്ട്). രജിസ്റ്ററിൽ വിശദാംശങ്ങൾ ചേർക്കാ 2022-23 വർഷം ബാക്കി തുക നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഖാദർ എ പി എന്നവർക്ക് അധിക ഈടാക്കുന്നതാണെന്നും ഗുണഭോക്താക്കളുടെ വരുമാന സർട്ട സൂക്ഷിക്കുന്നതാണെന്നും ഗുണഭോക്ത്യ രജിസ്റ്റ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിക്ക നൽകിയ ₹9907 തിരികെ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യുകയോ പ്രകാരം ചെയ്യേണ്ട ബാക്കി പ്രവൃത്തികൾ കൂടി പൂർത്തീകരിച്ച് തുക പ്ര ചെയ്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-27 ഗവ. ഹയർസെക്കണ്ടറി സ്കൂൾ, ഗവ. എൽ പി സ്കൂൾ കണ്ടിജൻസി ചെലവുകൾ. ₹33675 യുടെ ചെലവ് തടസ്സ

ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, ഗവ. എൽ പി സ്കൂൾ എന്നിവിടങ്ങള ചെലവുകൾ വഹിക്കുന്നതിനായുള്ള പദ്ധതികളുമായി ബന്ധപ്പെട്ട് അപാകമുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ, ജി എച്ച് എസ് എസ്, കൂത്തുപറമ്പ്	
പ്രോജക്ടിന്റെ നമ്പർ/ പേര്	65/24 ഗവ.ഹയർസെക്കണ്ടറി സ്കൂൾ കണ്ടിജൻസി ചെലവുകൾ	66/24 ഗവ. എൽ പി സ്കൂൾ കണ്ടിജൻസി ചെലവുകൾ

അടങ്കൽ	₹420000 മെയിന്റനൻസ് ഫണ്ട് റോഡിതരം	₹60000 മെയിന്റനൻസ് ഫണ്ട് റോഡിതരം
ചെലവ്	₹1,93,569	₹27,405

1) ഗവ. ഹയർസെക്കണ്ടറി സ്കൂൾ കണ്ടിജൻസി ചെലവുകൾ എന്ന വാങ്ങിയിട്ടുള്ള താഴെ പറയുന്ന സ്റ്റേഷനറി സാധനങ്ങൾ സ്റ്റോക രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ബിൽ നം./ബിൽ തുക	ഇൻവോയ്സ് നം.	സ്ഥാപനം	തുക
307/14.02.2024 ₹29694	3031/12.02.2024	അഡ്രസ്സ് ബുക്സ് & സ്റ്റേഷനറി	₹7106
	2915/12.02.2024	കെ പി ട്രേഡേഴ്സ്	₹7247
348/07.03.2024 ₹24335	CC296/23-24/ 28.02.2024	കാട്രിഡ്ജ് കെയർ	₹3410
489/25.03.2024 ₹7300	CC352/23-24/ 26.03.2024	കാട്രിഡ്ജ് കെയർ	₹1300
	3422/25.03.2024	അഡ്രസ്സ് ബുക്സ് & സ്റ്റേഷനറി	₹6010
ആകെ			25073

2) ഗവ. എൽ പി സ്കൂൾ കണ്ടിജൻസി ചെലവുകൾ എന്ന പദ്ധതി പ്രകാ താഴെ പറയുന്ന സ്റ്റേഷനറി സാധനങ്ങൾ സ്റ്റോക്കിലെടുത്തത ലഭ്യമാക്കിയിട്ടില്ല.

ബിൽ നം./ തുക	ഇൻവോയ്സ് നം.	സ്ഥാപനം	തുക
137/10.10.2023 ₹5094	1809/25.09.2023	അഡ്രസ്സ് ബുക്സ് & സ്റ്റേഷനറി	₹1595
	799/26.06.2023	അഡ്രസ്സ് ബുക്സ് & സ്റ്റേഷനറി	₹736
	A000210/05.10.2023	ഗ്രഹദീപം	₹2200
349/07.03.2024 ₹4330	3248/ 06.03.2024	അഡ്രസ്സ് ബുക്സ് & സ്റ്റേഷനറി	₹1860
	3087/06.03.2024	കെ.പി.ട്രേഡേഴ്സ്	₹1560
324/24.02.2024 ₹651	3116/21.02.2024	അഡ്രസ്സ് ബുക്സ് & സ്റ്റേഷനറി	₹651
ആകെ			8602

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറികൾക്ക് (നം.39/14.0
മറുപടിയായി ഹയർ സെക്കണ്ടറി സ്കൂളിൽ സ്റ്റേഷനറി സാധനങ്ങളു
സൂക്ഷിച്ചിട്ടില്ലെന്നും, ഗവ. എൽ പി സ്കൂളിൽ നിന്നുള്ള
ഹാജരാക്കുന്നതിനായി അറിയിപ്പ് നൽകിയിട്ടുണ്ടെന്നുമുള്ള
ലഭ്യമാക്കിയത്. സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കാത്ത
സാധനങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച ₹33675 (25073+8602)
തടസ്സപ്പെടുത്തുന്നു. സ്റ്റേഷനറി സാധനങ്ങൾ സ്റ്റോക്കിലെടുത്ത
ലഭ്യമാക്കേണ്ടതാണ്.

1-28 ഹയർ സെക്കണ്ടറി തുല്യതക്ക് ഫണ്ട് അനുവദിക്
രേഖകൾ ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ഗവ.ഹയർ സെക്കന്ററി സ്ക്കൂൾ, കൂത്തുപറമ്പ്
പ്രോജക്ട് നം. & പേര്	203/24 ഹയർ സെക്കണ്ടറി തുല്യതക്ക് ഫണ്ട് അനുവദിക്കുന്നത്
അടങ്കൽ	₹34500 – വികസന ഫണ്ട് – പൊതുവിഭാഗം
ചെലവ്/ബിൽ നമ്പർ	₹33800 (406/23.03.2024)

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് സാക്ഷരതാ മിഷൻ ഡയറക്ടറുടെ
വിനിയോഗ സാക്ഷ്യപത്രവും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാ
നിർവ്വഹണവുമായി ബന്ധപ്പെട്ട് അപേക്ഷകൾ, മുഴുവൻ പേരുടെ
സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച്
എൻകുയറിക്ക് (നം.42/14.02.2025) ലഭ്യമാക്കിയ മറുപടിയിൽ 2023-24
ചെയ്തവർക്ക് രണ്ട് വർഷം കൂടി പരീക്ഷ എഴുതാനുള്ള അവ
അറിയിച്ചിട്ടുള്ളത്. പ്രോജക്ട് പ്രകാരമുള്ള തുടർപ്രവർത്തനങ്ങൾ, മോ
എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-29 അപ്രന്റിസ് ട്രെയിനികളുടെ സ്റ്റൈപ്പന്റ്- കേന്ദ്ര
ലഭിച്ചിട്ടില്ല

കേന്ദ്രസർക്കാരിന്റെ അപ്രന്റിസ് പ്രമോഷൻ സ്കീം രാജ്യത്ത് സ
ഭാഗമായി അപ്രന്റിസ് ട്രെയിനിംഗ് കൂടുതൽ ശക്തിപ്പെടുത്തുന്നതിന്
ട്രെയിനികൾക്കും 2016 ഒക്ടോബർ മുതൽ സ്റ്റൈപന്റിന്റെ 25% പര
സർക്കാർ നല്കുമെന്ന് വ്യവസായ പരിശീലന വകുപ്പിന്റെ 26.09.2016
നമ്പർ കത്ത്, വ്യവസായ പരിശീലന വകുപ്പ് ആർ.ഐ സെന്റർ, ക
അപ്രന്റിസ്ഷിപ്പ് അഡൈസറുടെ 07.10.2022 ലെ RIC/KNR/83/2022-

എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂത്തുപറമ്പ് നഗരസഭയ ട്രെയിനികളായി നിയമനം ലഭിച്ചവരുടെ വിവരവും അവർക്ക് ഇനത്തിൽ 2023-24 വർഷം നഗരസഭ ആകെ ചെലവഴിച്ച തുകയു തിരികെ ലഭിക്കാനുള്ള തുകയുടെയും, നാളിതുവരെ അപ്രന്റിസ് ചെലവഴിച്ച തുകയിൽ ലഭിക്കാൻ ബാക്കിയുള്ള തുകയുടെയു ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (നമ്പർ 6/10.02.2 മറുപടിയിൽ 2023 മാർച്ച് മാസം മുതൽ 2024 ഡിസംബർ വരെയുള്ള ക സ്റ്റൈപ്പന്റ് ഇനത്തിൽ നൽകിയിട്ടുണ്ടെന്നും ആയതിൽ ₹59025 അറിയിച്ചിട്ടുണ്ട്. 01.07.2023 മുതൽ സ്റ്റൈപ്പന്റ് ഇനത്തിലെ നിർത്തലാക്കിയതായി ആർ ഐ സെന്ററിൽ നിന്നും (കത്ത് നമ്പർ 27.11.2022) അറിയിച്ചിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വരെയുള്ളതിൽ ₹22936 ലഭിക്കാൻ ബാക്കിയുണ്ടെന്നും 2022 ഏപ്രിൽ മാസം വരെയുള്ള സ്റ്റൈപ്പന്റ് ഇനത്തിലെ കേന്ദ്രവിഹിതം ഇനത്ത ബാക്കി തുക ലഭ്യമാക്കാൻ കത്ത് നൽകിയിട്ടുണ്ട് എന്നും മറുപടിയിൽ അപ്രന്റിസ് ട്രെയിനി സ്റ്റൈപ്പന്റ് ഇനത്തിലെ കേന്ദ്ര വിഹിതം ല സ്വീകരിക്കേണ്ടതാണ്.

1-30 നഗരസഭ ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, അ ഉപകരണങ്ങൾ വാങ്ങൽ-രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	33/24
പ്രോജക്ടിന്റെ പേര്	നഗരസഭ ഓഫീസിലേക്ക് കമ്പ്യൂർ, പ്രിന്റർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ	₹270000 – വികസന ഫണ്ട്
ചെലവ് തുക/ബിൽ നമ്പർ/തീയതി	₹197854, 43/06.07.2023

നഗരസഭ ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, അനുബന്ധ ഉപകരണങ പദ്ധതി പ്രകാരം കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങുന്നതിനാ നിന്ന് ലഭ്യമാക്കിയ 30.06.2023 ലെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം മീഡിയം എൻഡ് വിൻഡോസ് 11 Prof കമ്പ്യൂട്ടറുകൾക്കായി ₹109908 യു End Windows And Ubuntu രണ്ട് എണ്ണത്തിന് ₹42994 യും, A4 Sheetfled Scanner Me Ubuntu രണ്ട് എണ്ണത്തിന് ₹44952 യും ചേർത്ത് ആകെ ₹197854 കേരള സ്റ്റേ ട്രഷറി അക്കൗണ്ട് നമ്പർ 79901140003959 ലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. Scanner ഡെലിവർ ചെയ്തതിന്റെ ഡെലിവറി ചലാനും ഇൻസ്റ്റലേഷ മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളു. കമ്പ്യൂട്ടറുകൾ, പ്രിന്റ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ബന്ധപ്പെട്ട ടാക്സ് ഇൻ ചലാൻ, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് എന്നിവയും എല്ലാ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളും ലഭ്യമാക്കാൻ വേണ്ടി

എൻകൗയറിക്ക് (നമ്പർ 34/14.02.2025) ലഭ്യമാക്കിയ മറുപടിയോടൊപ്പം ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ടാക്സ് ഇ രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ കൂടെ പ്രൊഫോ ലഭ്യമാക്കിയത്. രേഖകളുടെ അഭാവത്തിൽ ₹197854 യുടെ ചെലവ് തടസ്സ

1-31 നഗരസഭയിലെ മുഴുവൻ വാർഡുകളിലും കെ ഡ പൈപ്പ് ലൈൻ വലിക്കൽ രേഖകൾ ലഭ്യമല്ല-₹1,00,00,000 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	79/24
പ്രോജക്ടിന്റെ പേര്	നഗരസഭയിലെ മുഴുവൻ വാർഡുകളിലും കെ ഡബ്ല്യു എ പൈപ്പ് ലൈൻ വലിക്കൽ
അടങ്കൽ	കോർപ്പറേഷൻ ഗ്രാന്റ് – ₹1,00,00,000
ചെലവ് ₹ 1,00,00,000	പേയ്മെന്റ് അഡ്വൈസ് നമ്പർ CO42308474080 12.04.2023, ₹1,00,00,000

നഗരസഭയിലെ മുഴുവൻ വാർഡുകളിലും കെ ഡബ്ല്യു എ പൈപ്പ് ലൈ പദ്ധതിയുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമ പ്രകാരം ഒരു കോടി രൂപ കേരള വാട്ടർ അതോറിറ്റിയുടെ അക്കൗ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തി സംബന്ധിച്ച് വാട്ടർ അ കരാറിലേർപ്പെട്ടതിന്റെ രേഖകൾ, പദ്ധതിയുടെ വിനിയോഗസാക ലഭ്യമാക്കിയിട്ടില്ല. അമൃത് പദ്ധതിയുമായി ബന്ധപ്പെടുത്തിയാണോ നടപ്പാക്കുന്നത് എന്നത് അറിയിക്കാനും നഗരസഭയിലെ മുഴുവൻ കുടിവെള്ളം എത്തിക്കാൻ വേണ്ടിയുള്ള പദ്ധതിയുടെ നില ലഭ്യമാക്കാനും നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (36/14.02.2025) മറുപടി രേഖകളുടെ അഭാവത്തിൽ ₹1,00,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1-32 സ്ട്രീറ്റ് ലൈറ്റ് എ എം സി (സ്പിൽ ഓവർ) അപാക യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ, പേര്	84/24, സ്ട്രീറ്റ് ലൈറ്റ് എ എം സി (സ്പിൽ ഓവർ)
അടങ്കൽ ₹100000	₹500000 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	₹500000
തുക/ബിൽ നമ്പർ/ തീയതി	₹500000/339/04.03.2024

സ്ട്രീറ്റ് ലൈറ്റ് എ എം സി എന്ന പദ്ധതി പ്രകാരം 2022-23 വർഷം ഇ ടെ
ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല എന്നതിനെതുടർന്ന് റീടെണ്ടർ ചെ
ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ മാത്രമേ ലഭ്യമാ
അടിസ്ഥാനത്തിൽ എലൈറ്റ് ഇലക്ട്രിക്കൽസിന്റെ ₹423000 യുടെ ടെ
(കൗൺസിൽ തീരുമാനം 23.02.2023 ലെ രണ്ടാം നമ്പർ തീരുമാനം). സി
ലൈറ്റ് ₹650യ്ക്കും എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റ് ₹600യ്ക്കും മെയിന്റന
15.03.2023 ന് സ്ഥാപനവുമായി നഗരസഭ കരാർ വെച്ചു. ടെണ്ടർ ക്ഷണ
BOQ വിൽ 300 CFL,380 20W LED എന്നിങ്ങനെ 680 വിളക്കുകളുടെ
കാണിച്ചിട്ടുള്ളത് എലൈറ്റ് ഇലക്ട്രിക്കൽസ് 15.01.2024 ന് സെക്രട്ടറിക്ക്
₹525600 അനുവദിച്ചു തരാൻ അപേക്ഷിച്ചിട്ടുണ്ട്. എലൈറ്റ് ഇല
ഇൻവോയ്സ് നമ്പർ 23/41 Date 15.01.2024 ൽ സ്ട്രീറ്റ് ലൈറ്റ് എ എം സി ക്ക് 87
പ്രകാരം ₹525600 യാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടത്തിപ്പി
അപാകങ്ങൾ കാണുന്നു.

1) ബിൽ നമ്പർ 339/04.03.2024 പ്രകാരം ₹500000 മേൽ പദ്ധതിയിൽ
ആയതിന്റെ ട്രഷറി ബിൽ പകർപ്പ് അനുബന്ധ വൗച്ചറുകൾ
സൂക്ഷിച്ചിട്ടില്ല. ബില്ലിൽ നിയമാനുസൃത കിഴിവുകൾ ഈടാക്കി
വ്യക്തമല്ല.

2) ₹423000 യുടെ ടെണ്ടർ അംഗീകരിച്ച് ₹500000 നൽകിയ
വ്യക്തമാക്കിയിട്ടില്ല.

3) റിപ്പയർ ചെയ്യേണ്ട ബൾബുകളുടെ എണ്ണം ടെണ്ടർ ക്ഷണിച്ചതിന്
എന്നും എലൈറ്റ് ഇലക്ട്രിക്കൽസ് നൽകിയ ടാക്സ് ഇൻവോയ്സിൽ
രേഖപ്പെടുത്തിയിട്ടുള്ളത്. ഇൻവോയ്സിൽ ബൾബുകളുടെ ഇനം ഉൾ
റേറ്റാണ് ചേർത്തിട്ടുള്ളത്. ആയതിനാൽ കാട്ട് ചെയ്ത റേറ്റിൽ കൂടുതൽ
നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണ
വ്യക്തമാക്കുന്ന സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ എന്നിവ
ലഭ്യമാക്കിയിട്ടില്ല അപാകങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകാ
മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്
ചെലവ് തടസ്സപ്പെടുത്തുന്നു.

1-33 സെക്രട്ടറിയുടെ കാർട്ടേഴ്സ് വാടക രേഖകൾ പരി ലഭ്യമാക്കിയിട്ടില്ല-വാടക ഇനത്തിലെ ചെലവ് തുക ₹7 തടസ്സപ്പെടുത്തുന്നു

സ്വന്തമായി കാർട്ടേഴ്സ് ലഭ്യമല്ലാത്ത മുനിസിപ്പാലിറ്റി/കോർപ്പറേഷൻ
വാടക ഇനത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തനത് ഫണ്ടി
അനുവദിക്കാൻ ജി.ഒ.(ആർ.ടി) നം.15/2017/തസ്വഭവ/തീയതി. 10.01.2017
നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ട
കാർട്ടേഴ്സിന്റെ വാടകയായി പ്രതിമാസം ₹9000 നിരക്കിൽ
കാലയളവിലേക്ക് തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. വ
ചേർക്കുന്നു.

ചെക്ക് നമ്പർ തീയതി	തുക (₹)	കാലയളവ്

665244 Dt.18.08.2023	9000	12.07.2023 മുതൽ 11.08.2023 വരെയുള്ള വാടക
665262 Dt.13.09.2023	9000	12.08.2023 മുതൽ 11.09.2023 വരെയുള്ള വാടക
665304 Dt.13.10.2023	9000	12.09.2023 മുതൽ 11.10.2023 വരെയുള്ള വാടക
665320 Dt.15.11.2023	9000	12.10.2023 മുതൽ 11.11.2023 വരെയുള്ള വാടക
083992 Dt.12.12.2023	9000	12.11.2023 മുതൽ 11.12.2023 വരെയുള്ള വാടക
084020 Dt.10.01.2024	9000	12.12.2023 മുതൽ 11.01.2024 വരെയുള്ള വാടക
264830 Dt.09.02.2024	9000	12.01.2024 മുതൽ 11.02.2024 വരെയുള്ള വാടക
264863 Dt.02.03.2024	9000	12.02.2024 മുതൽ 11.03.2024 വരെയുള്ള വാടക
ആകെ	72000	

സർക്കാർ വക ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ജീവനക്കാ അലവൻസിന് അർഹതയില്ല. ഈ സാഹചര്യത്തിൽ നഗരസഭ വാടക ന ഉപയോഗിക്കുന്ന നഗരസഭ സെക്രട്ടറിക്ക് ക്വാർട്ടേഴ്സ് വാടക ശമ്പളത്തോടൊപ്പം വീട്ടുവാടക അലവൻസ് അനുവദിക്കാവുന്നതല്ല സ്കെയിൽ 50200-105300 ഉം അതിന് മുകളിലും ഉൾപ്പെട്ടവരിൽ ന് ശമ്പളത്തിന്റെ 2% റെന്റ് റിക്കവറി ഈടാക്കേണ്ടതുമുണ്ട്. വീട്ടുവാടക അലവൻസ് അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോ സെക്രട്ടറിയുടെ 2023-24 വർഷത്തെ ശമ്പളബില്ലും, 2% ന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യ ഓഡിറ്റ് എൻകൗയറിക്ക് (50/13.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നടത്തിയതിന്റെ രേഖകളും വീട്ടുവാടക അലവൻസ് വാ തെളിയിക്കുന്ന രേഖകളും ലഭ്യമാക്കാത്തതിനാൽ വാടക ഇനത്ത ചെലവ് തടസ്സപ്പെടുത്തുന്നു.

1-34 സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് സംയുക്ത പ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

2023-24 വർഷം കൺസ്യൂമർ നമ്പർ 1166802016174 ൽ 41195 Watts ഉൾപ്പെടുത്തി പ്രതിമാസം കെ എസ് ഇ ബിക്ക് ഇലക്ട്രിസിറ്റി ചാർജ്ജ ഒടുക്കി വരുന്നുണ്ട്. മറ്റ് സ്ട്രീറ്റ് ലൈറ്റുകളുടെ ബിൽ മീറ്റേഡ് സ് കാണിച്ചിട്ടുണ്ട്. കണക്ടഡ് ലോഡ് അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റ് വരുന്ന മേൽ സ്ട്രീറ്റ് ലൈറ്റിലെ തെരുവ് വിളക്കുകളുടെ വ്യക്തമാക്കുന്ന രേഖകളും ആയവ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പു വ

എസ് ഇ ബി യുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനാ റി
വിളക്ക് ചാർജ്ജിന് അടിസ്ഥാനമാക്കിയ കണക്കൂഡ് ലോഡ് ക
ഉൾപ്പെടുത്തിയിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണവും തരവും വ
എസ് ഇ ബി യിൽ നിന്നുള്ള പത്രിക എന്നിവ ലഭ്യമാക്കാൻ വേണ്ടി
എൻകപയറിക്ക് (51/15.02.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തന
വിളക്കുകൾക്ക് മാത്രമാണ് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന
വരുത്തുന്നതിന് കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോ
സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് തെരുവ് വിളക്കുകൾക്ക് മീ
നടപടി സ്വീകരിക്കേണ്ടതുമാണ്.

1-35 സ്ട്രീറ്റ് ടാപ്പുകളുടെ ഡിസ്കണക്ഷൻ ചാർജ്ജ് രേഖക ₹129000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

40 സ്ട്രീറ്റ് ടാപ്പുകളുടെ ഡിസ്കണക്ഷൻ ചാർജ്ജ് ഇനത്തിൽ വൗച്ചർ
പ്രകാരം ₹129000 എക്സിക്യൂട്ടീവ് എഞ്ചിനീയർ ,കേരള വാട്ടർ അതോറി
കണ്ണൂരിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ എസ്റ്റി
പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ
പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പൊതുടാപ്പുകളുടെ ബില്ലിന
വെള്ളക്കരമായി അടക്കുന്ന ₹116475 യിൽ നിന്ന് മേ
വെള്ളക്കരമിനത്തിലെ തുക കുറവ് ചെയ്ത വിവരം ലഭ്യമാക്കാൻ
എൻകപയറിക്ക് (നമ്പർ 50/15.02.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.
അടിസ്ഥാനത്തിൽ ₹129000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-36 അർബൻ പി എച്ച് സി ക്ക് വാടക നിശ്ചയിച്ചതിന് ലഭ്യമാക്കിയിട്ടില്ല

അർബൻ പി എച്ച് സിക്ക് വേണ്ടി വാടകയ്ക്ക് എടുത്ത മൂരിയ
എജ്യുക്കേഷൻ സെന്ററിന്റെ കെട്ടിടത്തിന് പ്രതിമാസം ₹25000 വ
മുതലുള്ള മാസങ്ങളിൽ വാടക നൽകിയിട്ടുണ്ട്. മേൽകെട്ടിട
നിശ്ചയിച്ചതിന്റെ രേഖകൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻകപ
മറുപടിയായി വാടക നിശ്ചയിക്കാൻ പി ഡബ്ല്യു ഡി യ്ക്ക് കത്ത് ന
നിലവിൽ കൗൺസിൽ തീരുമാനത്തിന് വിധേയമായിട്ടാണ് തുക
വാടക നിശ്ചയിക്കുന്നതിനുള്ള ലാന്റ് വാല്യു സർട്ടിഫിക്കറ്റിനായി
കത്ത് നൽകിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വാടക നിശ്ചയിച്ചതിന്
പ്രസ്തുത കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിന് മുമ്പ് അസിസ്റ്റ
എഞ്ചിനീയർ, ബിൽഡിംഗ് സബ് ഡിവിഷൻ (PWD) യുടെ NAC, ലഭ്യമാ
എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ
ലഭ്യമാക്കേണ്ടതാണ്.

1-37 നഗരസഭ സെക്രട്ടറി-ശമ്പളം, അലവൻസ്, പെൻ അംശദാനം എന്നിവ അടവാക്കാൻ നടപടി സ്വീകരി

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3), കേരളാ സർവ്വീ
റൂൾ 146 എന്നിവ പ്രകാരം നഗരസഭ സെക്രട്ടറി ഒരു സർക്കാർ ഉ
നിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത
പിൻവലിക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്
നൽകിയിട്ടുള്ളതിനാൽ പ്രസ്തുത തുകകളും പെൻഷൻ അംശദായവു
തനതുഫണ്ടിൽ നിന്ന് മാസം തോറും തിരികെ സർക്കാരിലേയ്ക്ക് അ
സെക്രട്ടറിയുടെ ശമ്പളവും, അലവൻസുകളും, പെൻഷൻ അംശദായവ
വരെ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലേയ്ക്ക് അടവാക്കിയിട്ടു
വിവരവും, അടവാക്കിയതിന്റെ വിശദാംശങ്ങളും, സഞ്ചിത നിധിയി
ബാക്കിയുള്ള ശമ്പളത്തിന്റെയും അലവൻസുകളുടെയും വിശദാംശ
വേണ്ടി നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 7/10.02.2023) ലഭ്യമാക
30.04.2011 വരെയുള്ള ശമ്പളവും, അലവൻസുകളും, പെൻഷ
സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ട് എന്നും 2011 മെയ് മു
സഞ്ചിതനിധിയിൽ അടവാക്കാൻ ബാക്കിയുള്ളതായും അറിയി
ഒടുക്കുവാൻ ബാക്കിയുള്ള തുക സംബന്ധിച്ച കൃത്യമായ വിവരം ലഭ്യ
24 വർഷം ₹88408 ഒടുക്കാനുണ്ട് എന്നതിന്റെ കണക്ക് മാത്രമേ ല
നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി കാരണമാണ് തുക അടവാക
വന്നത് എന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ
അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-38 ബസ് സ്റ്റാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥ ചെയ്തത് - ഹൈക്കോടതി വിധി നടപ്പിലാക്കിയത് - രേ ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
തുക, വൗച്ചർ നമ്പർ	₹39983984, 245/23.06.2023
ഫയൽ നമ്പർ	സി1-10028/09

കൂത്തുപറമ്പ് നഗരസഭയുടെ ബസ് സ്റ്റാന്റ് നിർമാണവുമായി ബന്ധ
85/313 ൽ പെട്ട സ്ഥലം 09.01.2006 ന് അകയർ ചെയ്യുകയുണ്ടായി. എന്നാ
ഇനത്തിൽ അനുവദിച്ച തുകയായ ₹331488 (ആദായനികുതി ഒഴികെ ₹2
സ്ഥലം ഉടമകൾ തലശ്ശേരി സബ്കോടതിയിൽ കേസ് ഫയൽ ചെ
പ്രകാരം പ്രസ്തുത സ്ഥലം Wetland (നിലം) ആയി പരിഗണിച്ച് സെ
നിശ്ചയിച്ച് 27.02.2015 ന് വിധി പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.
പ്രസ്തുത സബ്കോടതി (LAR) വിധിക്ക് എതിരായി ന
ബഹു.ഹൈക്കോടതിയിൽ (LAA) അപ്പീൽ കേസ് ഫയൽ ചെയ്യുകയ
നഗരസഭയ്ക്ക് പ്രതികൂലമായി കേസ് തീർപ്പാക്കപ്പെടുകയും സ്ഥലം ഉടമ
കോമ്പൻസഷൻ തുക അനുവദിക്കുവാൻ 22.11.2022 ന് ബഹു.ഹൈ
പുറപ്പെടുവിച്ചിരുന്നു. കൂടാതെ അകയർ ചെയ്ത പ്രസ്തുത സ്ഥലം കേര
സെക്ഷൻ 28 പ്രകാരം Garden Land With Road Acces വിഭാഗത്തിൽ ഉൾപ്പെടു
കേസുകളിലും സെന്റിന് ₹150000 വില കണക്കാക്കുകയും അ
നിജപ്പെടുത്തി നൽകാനുമാണ് വിധി പ്രസ്താവന.

ആയതു പ്രകാരം ഓരോ സ്ഥലം ഉടമകൾക്കും അർഹതപ്പെട്ട തുക ക
സ്പെഷ്യൽ തഹസിൽദാർ എൽ എ തലശ്ശേരിയുടെ നമ്പർ റഫ് ഇ.2629/
ലെ കത്തിന്റെ അടിസ്ഥാനത്തിൽ, ആകെ 20 സ്ഥലമുടമകൾക്ക് ര
തുകയായ ₹105082499 ൽ നഗരസഭയുടെ സാമ്പത്തിക സ്ഥിതി, നിയമ
പരിഗണിച്ചും, ഭരണസമിതിയുടെ 03.06.2023 ലെ യോഗതീരുമാനം നമ്പ
മേൽ വൗച്ചർ പ്രകാരം ₹39983984 മാത്രം സ്പെഷ്യൽ തഹസിൽദാർ, എ
അനുവദിച്ചിട്ടുണ്ട്. ചെലവ് സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ കെ

ചെക്ക് നമ്പർ/തീയതി	തുക
040101/23.06.2023	₹18000000
220648/23.06.2023	₹21983984
ആകെ തുക	₹39983984

എന്നാൽ ഇത് സംബന്ധിച്ച തുടർ നടപടികൾ ഫയലിൽ ലഭ്യമല്ല. ര
വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ വിധി പകർപ്പ് 9-ാം ഖണ്ഡികയ
മുതൽ മൂന്നുമാസത്തിനകം കോമ്പൻസേഷൻ തുക കണക്കു കൂട്ടി
അനുവദിക്കുവാൻ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ
ഒടുക്കുവാനുള്ള സാവകാശം ലഭ്യമായിട്ടുണ്ടോ എന്നിവ സംബന്
ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 26 ത
മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് വ്യക്തമായ മറുപ
ലഭ്യമാക്കേണ്ടതാണ്.

1-39 കൂത്തുപറമ്പ ജിയോഗ്രഫിക് ഇൻഫർമേഷൻ സ്
പൂർത്തീകരിച്ചില്ല - ₹2073935 യുടെ ചെലവ് തടസ്സപ്പെടു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	157/24
പ്രോജക്ടിന്റെ പേര്	കൂത്തുപറമ്പ് ജിയോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം
അടങ്കൽ	₹3200000 – തനത് ഫണ്ട്
ചെലവ്	ആകെ ₹2073935 ബിൽ നമ്പർ, 121/12.09.2023 ₹639999 ബിൽ നമ്പർ, 252/01.01.2024 ₹395536 ബിൽ നമ്പർ, 374/20.03.2024 ₹1038400

കൂത്തുപറമ്പ് ജിയോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം എന്ന പദ്ധതി വ
മുഴുവൻ വിവരങ്ങളും വെബ് പോർട്ടലിൽ അപ് ലോഡ് ചെയ്യുക എ
അക്രഡിറ്റഡ് ഏജൻസിയായ ULCCS വഴിയാണ് പദ്ധതി നടപ്പാക്കുന്നത്
ULCCS യുമായി 18.08.2023 ന് ഒപ്പു വെച്ച കരാറിൽ ആറ് മാസത്തിന

പൂർത്തീകരിക്കും എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ പ്ര
കരാർ കാലാവധി 18.02.2024 ന് അവസാനിക്കുന്നതിനാലും 1599
പ്രോപ്പർട്ടി സർവ്വേ നടത്താനുള്ളതിൽ സർവ്വേയർമാരുടെ അഭാവ
വ്യതിയാനവും കാരണം കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി
സാധിക്കില്ല എന്നതിനാൽ ULCCSന്റെ അപേക്ഷയുടെ അടിസ്ഥാന
സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് കരാർ കാലാവധി 2 മാസം
ദീർഘിപ്പിച്ചിട്ടുണ്ട്. 18.02.2024 ന് കരാർ കാലാവധി അവസാനിച്ചതിനു
മാത്രമാണ് സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചത്. കരാർ അനക്സർ ബി പ്ര
പ്രിപ്പറേഷന് ₹138438 യും ബിൽഡിങ്ങ് പ്രോപ്പർട്ടി സർവ്വേക്ക് ₹2076021 യ
₹395536 യും ഡാറ്റ അനലിസിസിസ് ഡാഷ്ബോർഡ് & വെബ് GIS പോ
ചേർത്ത് ആകെ ₹3199995 യാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക. കരാ
ഷെഡ്യൂൾ പ്രകാരം മൊബിലൈസേഷൻ അഡ്വാൻസ് ₹639999
പ്രിപ്പറേഷന് ₹533974 യും ബിൽഡിങ്ങ് പ്രോപ്പർട്ടി സർവ്വേ ₹2076021 യു
കോൺഫിഗറേഷന് ₹472000യും ഡാറ്റ ഇന്റഗ്രേഷൻ കമ്മീഷനിംഗ് &
₹118000 ആണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പദ്ധതിയിൽ മൊബിലൈസേ
₹639999 യും ഡ്രോൺ സർവ്വേ (16.76 OTH) ചെയ്തതിന് ₹20000 നിരക
ബിൽഡിങ്ങ് പ്രോപ്പർട്ടി സർവ്വേ 8000 എണ്ണം ₹110 നിരക്കിൽ ചെയ്ത
നൽകിയിട്ടുണ്ട്. പദ്ധതിയുടെ കരാർ കാലാവധി കഴിഞ്ഞെങ്കിലും നേ
നാളിതുവരെ പദ്ധതി പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്ക
പദ്ധതിയുടെ നിലവിലെ അവസ്ഥ, പൂർത്തീകരണ വിവരം എന്നിവ
ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നമ്പർ 33/14.0
മറുപടിയിൽ കരാർ കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തീകരിച്ചിരുന്
അപ്ലോഡ് ചെയ്ത വിവരങ്ങളുടെ കൃത്യത പരിശോധിക്കാനായി സാ
നടത്തിയപ്പോൾ അപാകങ്ങൾ കണ്ടെത്തിയതിനാൽ ആയത് പരി
എന്നും വിവരങ്ങളുടെ കൃത്യത ഉറപ്പാക്കിയതിന് ശേഷം മാത്രമേ ഫൈ
എന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച വിവരം, കംപ്ലീഷ
പ്രവൃത്തിയുടെ മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയ
അഭാവത്തിൽ ₹2073935 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-40 അമൃത് പദ്ധതിക്ക് നഗരസഭാ വിഹിതം നൽകത
സാക്ഷ്യപത്രം ലഭ്യമല്ല- ₹9707000 യുടെ ചെലവ് തടസ്സപ്പ

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പർ, പേര്	4/24, അമൃത് പദ്ധതിക്ക് നഗരസഭാ വിഹിതം നൽകൽ	87/24, അമൃത് പദ്ധതിക്ക് നഗരസഭാ വിഹിതം നൽകൽ
അടങ്കൽ	₹6117500 ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ്	₹5907000 ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ്
ചെലവ്	₹3800000 ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ്	₹5907000 ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ്

ബിൽ നമ്പർ, തീയതി, തുക	493/26.03.2024	271/11.01.2024
ഫയൽ നമ്പർ	ജി 1-5335/21	ജി 1-5335/21

കൂത്തുപറമ്പ് നഗരസഭയിൽ കുടിവെള്ള ക്ഷാമം നേരിടുന്ന വീടുക പൈപ്പ് കണക്ഷൻ നൽകുന്നതിന് വേണ്ടി നടപ്പിലാക്കുന്ന അമൃത് 2.0 അമൃത് മിഷനിൽ നിന്നും 10.07 കോടി രൂപയുടെ ആക്ഷൻ പ്ലാ ലഭിക്കുകയുണ്ടായി. അമൃത് 2.0 പദ്ധതിയുടെ നഗരസഭ വിഹിത ഡയറക്ടറുടെ ഇന്ത്യൻ ബാങ്ക് തൈക്കാട് ബ്രാഞ്ചിൽ ആരംഭിച്ചിട്ടു നിക്ഷേപിക്കണമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ (കത്ത് MPE Dt.02.06.2023) ബിൽ നമ്പർ 271/11.01.2024 പ്രകാരം ₹5907000 യും ബിൽ പ്രകാരം ₹3800000 യും മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽക പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമാക്ക പ്രോജക്ട് ഏത് ഘട്ടത്തിലാണെന്നതിന്റെ വിവരം ലഭ്യമല്ല. ഇത് സം ഓഡിറ്റ് എൻകയറിക്ക് (30/14.02.2024) മറുപടി ലഭ്യമാക്കിയിട്ട അഭാവത്തിൽ ₹9707000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-41 സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് ആനുകാലിക വാങ്ങൽ- സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാല ₹129300 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ, പേര്	138/24, സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് ആനുകാലികങ്ങൾ വാങ്ങൽ
അടങ്കൽ	₹130000 (വികസന ഫണ്ട്)
ചെലവ്	₹126300 ബിൽ നമ്പർ 245/30.12.2023 ₹3000 ബിൽ നമ്പർ 269/11.01.2024 ആകെ ₹129300

എ) സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് ആനുകാലികങ്ങൾ വാങ്ങൽ എ ബില്ലുകൾ പ്രകാരം പത്രം, മാസിക വിതരണത്തിനായി ₹129300 ചെലവ നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.
